No. 200 AUGUST 2006

# KERALA PRIVATE COLLEGE TEACHER

*a monthly journal of the all kerala private college teachers' association*



KERALA PRIVATE
# COLLEGE TEACHER

## MONTHLY JOURNAL OF THE AKPCTA

**No. 200** **AUGUST 2006**

**EDITORIAL BOARD**

*Chief Editor*
**Dr. S. JAYARAJ KUMAR**

*Managing Editor*
**Dr. V. JAYAKUMAR**

*Assistant Editor*
**Dr. G. S. SURESH**

*Members*
A. P. Kuttykrishnan
R. Mohanakumar
P. Reghunath
T.A. Ushakumari
Dr. K. K. Balachandran Nair
M.S.Vasanthakumar
Dr. C.R.Prasad
Mathew J. Muttath
N.Rajan
Soman Nadar
Dr. Kavumbai Balakrishnan
P. Sivadasan
S. Vijayan Nair
I.G. Shibi
Pramod Vellachal

AKPCTA State Committee Office
Mathurbhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
e-mail:akpcta@sancharnet.in
www.akpcta.org

inside



200

From Missionary Zeal to Capitalist Avarice:
*C. Padmanabhan*

•

ചൂഷണ വ്യവസ്ഥയിൽ നിന്നുകൊണ്ട് മാററങ്ങൾ നേടിയെടുക്കണം
എം. എ. ബേബി

•

Towards Social Justice and Excellence
*Dr. N.K. Jayakumar*

•

A Background note on the Approach Paper to the Eleventh Five Year Plan
*Dr. Prabhat Patnaik*

•

ലാററിനമേരിക്കൻ ചലനങ്ങൾ
എം. എസ്. വസന്തകുമാർ

•

കുഞ്ഞിനൊരു കഥ
ബി. ഭുവനചന്ദ്രൻ

•

ഭ്രാന്തും ജീവിതവും
പ്രമോദ് വെള്ളച്ചാൽ

•

പുതിയ ഭാവുകത്വം അടയാളപ്പെടുത്തുന്നത്
ഡോ. സി. ആർ. പ്രസാദ്

•

Editorial

•

Economic Focus

•

AIFUCTO News

•

സർവ്വീസ് പംക്തി

•

ശാസ്ത്രജാലകം

•

ജില്ലാവാർത്തകൾ

•

നിവേദനങ്ങൾ

•

സർക്കാർ ഉത്തരവുകൾ

# ന്യൂനപക്ഷപദവി കച്ചവട ലൈസൻസോ?

സ്വാശ്രയ നിയമനിർമ്മാണത്തോടനുബന്ധിച്ച് പൊങ്ങിവന്ന വാദപ്രതിവാദങ്ങളിൽ മുൻപന്തിയിൽ നില്ക്കുന്നതാണ് ന്യൂനപക്ഷപദവി. ദരിദ്രജനങ്ങൾക്ക് വിദ്യാഭ്യാസം പ്രത്യേകിച്ചും പ്രൊഫഷണൽ വിദ്യാഭ്യാസം അന്യമാക്കുന്ന ജീവിതമൂല്യങ്ങൾ, സാമൂഹിക നീതി എന്നീ പ്രമാണങ്ങളെ തമസ്കരിക്കുന്ന വിദ്യാഭ്യാസം വെറും വിപണനവസ്തുവായി മാറുന്ന സ്ഥിതിവിശേഷത്തെ തിരുത്തുന്ന ധീരമായ ഒരു നിലപാടായിരുന്നു സ്വാശ്രയ നിയമനിർമ്മാണം.

യാതൊരു മാനദണ്ഡവുമില്ലാതെ പ്രാഥമിക പരിശോധനകൾ പോലും നടത്താതെ മുൻ സർക്കാർ സ്വാശ്രയകോളജുകൾ അനുവദിച്ച് കൊടുത്തത് വിദ്യാഭ്യാസരംഗത്ത് അരക്ഷിതത്വത്തിന് വഴിവച്ചു. കേരളത്തിന്റെ വിദ്യാഭ്യാസ സാമൂഹ്യ സാംസ്കാരിക രംഗത്ത് വാണിഭത്തിന് പ്രാധാന്യം വന്നത് വർത്തമാനകാല ദുരന്തം. ആത്മീയ ചൈതന്യത്തിന്റെയും ത്യാഗത്തിന്റേയും പര്യായമായി ഒരുകാലത്ത് കേരള സാംസ്കാരിക സമൂഹത്തിന് ഏറെ സംഭാവനകൾ ചെയ്ത ക്രിസ്ത്യൻ മിഷനറിമാരും, എൻ.എസ്.എസും., ശ്രീനാരായണ പ്രസ്ഥാനവും സ്ഥാപനങ്ങൾ ആരംഭിച്ചത് സാമൂഹിക ക്ഷേമവും സേവനവും മാത്രം ലക്ഷ്യം വച്ചാണ്. പൊതുസ്വത്തും, പൊതുജന സഹായവും കൊണ്ടാണ് അവർ ഈ സ്ഥാപനങ്ങൾ കെട്ടിപ്പടുത്തത്.

എപ്പോഴും നാം അഭിമാനത്തോടെ പറയാറുള്ള വിദ്യാഭ്യാസ സാമൂഹ്യ മുന്നേററത്തിന് ഈ സ്ഥാപനങ്ങൾ കേരളത്തിന് നല്കിയ സംഭാവനകൾ മികച്ചതാണ്. പക്ഷേ സേവന മനഃസ്ഥിതിയോടെ വിദ്യാഭ്യാസത്തെ സമീപിച്ചിരുന്ന മതാദ്ധ്യക്ഷന്മാർ ഇന്ന് വണിക്കുകളുടെ സ്വരത്തിൽ 'ന്യൂനപക്ഷ പദവി' വിലപേശലിന് വിധേയമാക്കുന്നു. കൊള്ളലാഭ മനഃസ്ഥിതി മാത്രം വച്ച് പ്രക്ഷോഭ സമരങ്ങൾക്ക് ആഹ്വാനം ചെയ്യുന്നു. ന്യൂനപക്ഷ പദവി എന്നാൽ വിദ്യാഭ്യാസകച്ചവടം നടത്താനുള്ള ലൈസൻസായി വ്യാഖ്യാനിക്കപ്പെടുന്നു.

ജനക്ഷേമവും ജനതാല്പര്യവും സംരക്ഷിക്കാൻ സർക്കാരിന് ബാധ്യതയുണ്ട്. സ്വാശ്രയസ്ഥാപനങ്ങളുടെ പ്രവേശനത്തിൽ, ഫീസ് നിശ്ചയിക്കുന്നതിൽ സർക്കാരിനും ചില നിയന്ത്രണങ്ങൾ ഉണ്ടാകണമെന്ന ജനഹിതത്തിന്റെ ഫലമാണ് സ്വാശ്രയ നിയമം. പ്രവേശനം ക്രമപ്പെടുത്തൽ, ഫീസ് ക്രമീകരിക്കൽ എന്ന രീതിയിൽ സാമൂഹ്യനിയന്ത്രണം കൊണ്ടുവരാനാണ് സർക്കാർ ഈ നിയമനിർമ്മാണത്തിലൂടെ ശ്രമിച്ചത്. ന്യൂനപക്ഷങ്ങളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുമ്പോൾ തന്നെ അത് യുക്തിപൂർവ്വമായി സാമൂഹികനീതിയുടെ സമവാക്യത്തിലധിഷ്ഠിതമായിരിക്കുകയും വേണം.

> **സേവന മനഃസ്ഥിതിയോടെ വിദ്യാഭ്യാസത്തെ സമീപിച്ചിരുന്ന മതാദ്ധ്യക്ഷന്മാർ ഇന്ന് വണിക്കുകളുടെ സ്വരത്തിൽ 'ന്യൂനപക്ഷ പദവി' വിലപേശലിന് വിധേയമാക്കുന്നു. ജനക്ഷേമവും ജനതാല്പര്യവും സംരക്ഷിക്കാൻ സർക്കാരിന് ബാധ്യതയുണ്ട്.**

ന്യൂനപക്ഷ സ്ഥാപനങ്ങളുടെ പ്രയോജനം ആ വിഭാഗത്തിലെ ദരിദ്ര ജനതയ്ക്കും അവകാശപ്പെട്ടതാണ്. വരേണ്യ വർഗ്ഗത്തിനുമാത്രമുള്ളതാണ് സ്വാശ്രയവിദ്യാഭ്യാസമെന്ന വിശ്വാസം ശക്തമായി നിലനിൽക്കുന്നുമുണ്ട്. സാമൂഹികനീതി ന്യൂനപക്ഷങ്ങൾ നടത്തുന്ന സ്ഥാപനങ്ങളെ ബാധിക്കുകയില്ല എന്ന വാദഗതി അംഗീകരിക്കാൻ കഴിയുന്നതല്ല. ന്യൂനപക്ഷങ്ങളെ നിർണ്ണയിക്കാനുള്ള വ്യക്തമായ മാനദണ്ഡങ്ങളുടെ അഭാവം വിവാദങ്ങൾക്ക് വ്യാപ്തി നൽകുന്നു. അതുകൊണ്ടാണ് ന്യൂനപക്ഷ നിർണ്ണയത്തിന് കേരള സ്വാശ്രയ കോളജ് നിയമത്തിൽ നീതിപൂർവ്വവും യുക്തിസഹവുമായ വ്യവസ്ഥകൾ മുന്നോട്ടുവച്ചിരിക്കുന്നത്. ഇത് മുൻകോടതി വിധികളുടേയും നിരീക്ഷണങ്ങളുടേയും അടിസ്ഥാനത്തിലുമാണ്. മതപരമോ, ഭാഷാപരമോ ആയ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അവർക്കിഷ്ടപ്പെടുംവിധം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള അധികാരം ഭരണഘടനയിൽ വ്യവസ്ഥ ചെയ്യുന്നുണ്ട് (ആർട്ടിക്കിൾ 30(1)). ഇത് തോന്നിയപടി ഫീസ് വസൂലാക്കാനോ ഇഷ്ടംപോലെ പ്രവേശനം നടത്താനോ ഉള്ള അവകാശമായിട്ടാണ് വ്യാഖ്യാനിക്കപ്പെടുന്നത്.

ന്യൂനപക്ഷം എല്ലാതലത്തിലും ഭൂരിപക്ഷ സമൂഹത്തോട് തുല്യത പുലർത്താൻ സഹായിക്കുക എന്നതിലുപരി ഭൂരിപക്ഷത്തിന് ലഭ്യമാകാത്ത വിശേഷാധികാരങ്ങൾ ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് വ്യവസ്ഥ ചെയ്യുന്നില്ല. മതാദ്ധ്യക്ഷന്മാർ ഇന്നുന്നയിക്കുന്ന ന്യൂനപക്ഷാവകാശങ്ങൾ തങ്ങളുടെ സമുദായത്തിലെ ഭൂരിപക്ഷം വരുന്ന പാവപ്പെട്ടവരുടെ താത്പര്യങ്ങൾക്ക് വിരുദ്ധമാണ്. ന്യൂനപക്ഷ പദവിക്കുവേണ്ടിയുള്ള അവകാശവാദങ്ങൾ കൊള്ളലാഭക്കൊതിയിലധിഷ്ഠിതമാണ്. ന്യൂനപക്ഷ പദവി ലഭിച്ചാൽ സർക്കാർ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാതാകാം കേന്ദ്രസർവ്വകലാശാലയിൽ അഫിലിയേഷൻ നേടാനാകും. ഈ പ്രക്ഷോഭകർ 'ആകാശത്തിലെ പറവകളെ നോക്കുവിൻ; അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടി വയ്ക്കുന്നില്ല' എന്ന ബൈബിൾ വചനം ഓർക്കുന്നത് നന്നായിരിക്കും.

# ഭരണമാററം 'അറിയാത്ത' ഉദ്യോഗസ്ഥവൃന്ദം

ജനായത്ത ഭരണത്തിൽ അന്തിമ തീരുമാനം ജനങ്ങളുടേതാണ്. പ്രകടനപത്രിക പുറപ്പെടുവിച്ചുകൊണ്ടാണ് പാർട്ടികളും മുന്നണികളും തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്. അധികാരത്തിലേറുന്ന മുന്നണി ജനങ്ങൾക്കു മുന്നിൽ വച്ച വാഗ്ദാനങ്ങൾക്കുള്ള മാൻഡേററാണ് തെരഞ്ഞെടുപ്പു വിജയം. ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ വിദ്യാഭ്യാസനയം പ്രകടന പത്രിക ഒരു വട്ടം വായിച്ചവർക്കെല്ലാം മനസിലാകും. മനസിലാകാത്തതു ബ്യൂറോക്രസിക്കുമാത്രം. ഇക്കൂട്ടർ സെക്രട്ടറിയേററുമുതൽ കോളജ് വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ വരെ വ്യാപിച്ചുകിടക്കുന്നു. യു ഡി എഫ് സർക്കാർ ഭരണത്തിന്റെ 'ഹാങ് ഓവറിൽ' നിന്ന് ഇനിയും മുക്തിനേടാത്ത മട്ടിലാണ് ഉത്തരവുകളും സർക്കുലറുകളും ഇവർ ഇപ്പോഴുമിറക്കുന്നത്.

കോളജദ്ധ്യാപകരുടെ സ്ഥലംമാററ മാനദണ്ഡങ്ങൾ 'സബോർഡിനേററ് ലെജിസ്ലേഷ'നായ സർവകലാശാലാ സ്ററാററ്യൂട്ടിലാണ് വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത്. ഇതിനുമുകളിൽ സർക്കാരുത്തരവുകളും സർക്കുലറുകളും നിലനിൽക്കില്ലെന്ന് ഭരണപരമായ നിയമവ്യവസ്ഥയുടെ പ്രാഥമിക പരിജ്ഞാനമുള്ളവർക്കൊക്കെ അറിയാം. സ്ററാററ്യൂട്ട് മാനദണ്ഡമനുസരിച്ച് സ്ഥലം മാററം ലഭിച്ച രണ്ടുപതിററാണ്ടിലേറെ സർവ്വീസുള്ള അദ്ധ്യാപകരുടെ ശമ്പളം നൽകില്ലെന്നു പറയാനുള്ള അധികാരം പിറവിയെടുത്തത് അറിവില്ലായ്മയിലോ അഹന്തയിലോ? തൊഴിലെടുത്തവന് കിട്ടുന്ന കൂലി ബ്യൂറോക്രസി നൽകുന്ന ഔദാര്യമല്ല. പണിയെടുത്തവന്റെ ജന്മാവകാശമാണ്. നെടുനാളത്തെ പോരാട്ടത്തിലൂടെ എ. കെ. പി. സി. ടി. എ. നേടിയെടുത്ത ഡയറക്ട്പേയ്മെന്റ് വ്യവസ്ഥ അട്ടിമറിക്കാൻ കഴിഞ്ഞ അഞ്ചാണ്ടുകളായി യു. ഡി. എഫ്. സർക്കാർ ശ്രമിച്ച് പരാജയപ്പെട്ടതാണ്. ഈ ശ്രമം തുടരാനുള്ള പാഴ്‌വേല ബ്യൂറോക്രസി ഉപേക്ഷിക്കുന്നത് നന്ന്.

തൊഴിലെടുത്തവന് കിട്ടുന്ന കൂലി ബ്യൂറോക്രസി നൽകുന്ന ഔദാര്യമല്ല. പണിയെടുത്തവന്റെ ജന്മാവകാശമാണ്.

ലക്ചറർ തസ്തികയിൽ പണിയെടുക്കുന്ന കോളജദ്ധ്യാപകൻ നിശ്ചിതവർഷം സർവീസ് പൂർത്തിയാക്കുകയും യു. ജി. സി. സ്കീം നിഷ്കർഷിക്കുന്ന എണ്ണം റിഫ്രഷർ കോഴ്സുകളിൽ വിജയകരമായി പങ്കെടുക്കുകയും ചെയ്താൽ സീനിയർ സ്കെയിലിലേക്കും അവിടെനിന്ന് സെലക്ഷൻ ഗ്രേഡിലേയ്ക്കും പ്ളേസ്മെന്റിന് അർഹത നേടും. ഇതു പരിശോധിച്ച് സർവകലാശാലകൾ അപ്രൂവൽ നൽകിയാൽ പ്ളേസ്മെന്റനുസരിച്ച ശമ്പളം ലഭിക്കണം. മുൻ ഇടതുപക്ഷ സർക്കാർ 97 മുതൽ 2001 വരെ അനുവദിച്ച കോഴ്സുകളിൽ പഠിപ്പിച്ചാൽ പ്ളേസ്മെന്റനുസരിച്ചുള്ള ശമ്പളം നൽകില്ലെന്ന് എറണാകുളം ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന്റെ കണ്ടുപിടുത്തം! എന്നാൽ ഈ കോഴ്സുകളിൽ പഠിപ്പിച്ചാൽ പ്ളേസ്മെന്റിനു മുന്നേയുള്ള ശമ്പളം കനിഞ്ഞുനൽകും. എത്ര വിചിത്രമീ വാദഗതി. നാറാണത്തു ഭ്രാന്തന്റെ പ്രേതം 'മേപ്പടി ആപ്പീസി'നെ ആവാഹിച്ചോ?

നിയമനാംഗീകാരം സർവകലാശാലകളിൽ നിന്നും ലഭിച്ച അദ്ധ്യാപകർക്ക് ശമ്പളം നൽകണമെന്ന് സർവകലാശാലാ നിയമത്തിലെ വ്യവസ്ഥ. ശമ്പളം നൽകാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശവും. എന്നിട്ടും ശമ്പളം നൽകില്ലത്രേ. ഈ തമ്പ്രാക്കൾ വാഴുന്നിടം തൃശൂർ ഡി.ഡി. ഓഫീസ്.

അദ്ധ്യാപകരുടെ കുടിശ്ശിഖ ബിൽ ഒന്നരവർഷക്കാലമായി കോഴിക്കോട് ഡി.ഡി. ഓഫീസിൽ സുഖശയനത്തിലാണ്. അതിനുമുകളിൽ ആസനസ്ഥനാണ് 'കൃഷ്ണലീല'യുമായി ഒരു 'പാദുഷ'. ബില്ലു പാസ്സാകണമെങ്കിൽ ഇദ്ദേഹത്തെ വേണ്ടതുപോലെ കാണണമത്രേ.

ഇവരുടെ സാഡിസം അതിരുകടക്കുന്നു.

'അറിയാൻ' കണ്ടാൽ മാത്രം പോര, കൊണ്ടുതന്നെ വേണമത്രേ.

C.Padmanabhan
*Secretary, AKPCTA, Kannur University*

# From Missionary Zeal to Capitalist Avarice:

## Locating the Discourses in Kerala's Higher Education Scenario in a Global Perspective

"In bourgeois society capital is independent and has individuality, while the living person is dependent and has no individuality."

Karl Marx

*"It is well established all over the world that those who seek professional education must pay for it… private education is one of the most dynamic and fastest-growing segments of post-secondary education at the turn of the twenty-first century."*

**Supreme Court of India (T.M.A. Pai Foundation & Ors. vs. State of Karnataka)**

……

Once again, as it has happened many times in the past, Kerala is buzzing with discourses and debates as to how we should educate our youth. The focus of the debate is particularly on the question as to how we should educate our youth in these ghastly times of imperialist globalization. The messiahs of market economy are desperately trying to convince the people that concepts like equity and quality are redundant and obsolete in this flamboyant era of the finance capital. The electronic media reduces every serious concern of the masses to soap opera superfluities and consistently and compulsively discusses non-issues. The print media beats around the bush in the hope of raising succulent controversies and gossips. The confusion is worsened by the interim pronouncements that the courts have already made on this issue-which unfortunately do not take into consideration the ground realities of the matter. Attempts are even being made to dig up from their graves and revive the reactionary slogans of the late 1950's by those who are deaf, dumb and blind to half a century of changes in the political scenario.

The battle lines are so well drawn that there need be no confusion as to who stands where and even as to who hides where in this war which is being fought in a unique phase in the development of global service economy with the looming danger of the signing of the General Agreement on Trade in Services (GATS) by the Government of India in the near future. It has to be taken into consideration that new alignments are being forged and new campaigns are being planned by the reactionary forces who are eager to usher in the modalities of trade and commerce into Kerala's educational system. It is well known that the casteist and communal solidarity that was forged to campaign against and to engage in farcical struggles against the Education Bill presented by Joseph Mundassery in the Kerala Assembly in 1958 and against the Government lead by Com.E.M.S for effecting its dismissal in 1959 had the tacit backing of the feudal nobility who was haunted by the specter of communism. While the congress government at the centre and even the CIA aided and abetted the misnomer called the "liberation struggle" it was spearheaded within Kerala by the creamy layer among the casteist and communal forces who were afraid of losing their feudal privileges including monopoly over land and the elite status offered by casteist patriarchal hegemony. However, as the saying goes, much water has flowed under the bridge since 1959 and as a result the retrogressive forces are trying to forge new alliances to resist the implementation of the Kerala Professional Colleges or Institutions Act, 2006. The formation of these new alliances has a

> The rampant commoditization that accompanies neo-liberal economic policies has destroyed all those lofty humanist and socialist ideals that are usually associated with education in general and educational institutions in particular.

class character which is in keeping with the neo-liberal economic policies of imperialist globalization. A brief look at the global educational scenario would reveal the deep structure of the discourses that are going on in Kerala with regard to the above bill.

The rampant commoditization that accompanies neo-liberal economic policies has destroyed all those lofty humanist and socialist ideals that are usually associated with education in general and educational institutions in particular. It has resulted in the exponential growth of inequalities and it is no secret that nations that refuse to sign these international accords will ultimately have to face the U.S army itself. Governments are being instructed to cut down on their public expenditure which ultimately results in tax concessions for the capitalist class. "Edubusiness" is the current in thing and corporate houses are entering this virgin field with their insatiable greed for empire building. They do this with the help of international accords like GATS which contain many provisions for establishing transnational corporations that cater to the market and to the ideology of the market which divides human beings into entrepreneurs and consumers. The whole project of neo- liberalism is aimed at removing the national barriers that impede international trade and at the creation of a "free and level playing field" which is neither free nor level. The General Agreement on Trade in Services(GATS) proposed by the World Trade Organization(WTO) is a legally enforceable agreement aimed at deregulating international markets in the service sector. The basic rules of GATS, like the "Most Favoured Nations Treatment" and "National Treatment" ensures free international trade without domestic checks and balances. These neo-liberal reforms have ultimately resulted in a loss of egalitarian principles associated with education like equity, quality and justice. However, contrary to the popular notion that a free economy would preclude the withdrawal of the repressive apparatus of the state and induce passivity – what we witness at present is a strange combination of free economy and repressive states. One need not wonder if the judiciary, which is a very important organ of a modern democratic government, comes up with repressive judgments that would ultimately enhance the freedom of the market forces to exploit the masses. We need to redefine judicial activism and while attempting to redefine it we have to strip it off its medieval knight halo and perceive it in its correct socio-political context. It is doubtless that this liberal free market policy would result in the proliferation of educational institutions-as it was witnessed in Kerala during the tenure of Congress led United Democratic Front from 2001to 2006-and would provide plenty of choice for the affluent sections among the students. But at the same time, it would also lead to hitherto unknown kinds of segregations and exclusions based on the dominant notions of communal as well as casteist patriarchy and would ultimately destroy the very social fabric of Kerala.

"Edubusiness" is the current in thing and corporate houses are entering this virgin field with their insatiable greed for empire building. They do this with the help of international accords like GATS which contain many provisions for establishing transnational corporations that cater to the market and to the ideology of the market which divides human beings into entrepreneurs and consumers.

Privatization would also adversely affect the very content of the courses that are currently being taught in the Universities and Colleges. We in Kerala are familiar with certain strange cases of subsidizations of syllabi to suit the intellectual whims of private providers of education. The whole field of higher education is in the danger of being sanitized, detheorized and depoliticized because theory and politics have always retained their anti-establishment edge and are often detrimental to the interests of the ruling classes. If the transnational edubusiness corporations wanted nothing to do with politics in their modern digital campuses, Kerala's private managements prepared the ground for them by clearing the campuses of politics and all other forms of public discourses and activities. Academic activity was reduced to a kind of private and closed exercise under set routines and frozen deadlines with no space for creativity and non-mainstream articulations. After successfully stifling the political articulations of the student community some of these managements even tried to ostracize teachers' unions from campuses forgetting even the very fact that the Constitution of India gives its citizens certain fundamental and inalienable rights for collective expression. The pathway is being paved for the entry of the big capital. It is not yet sure whether these managements would be recognized as facilitators or trampled underfoot by the International Edubusiness Corporations whose entry into this arena would materialize with the signing of GATS by the government of India. If the

## ആദരാഞ്ജലികൾ



മുൻമന്ത്രിയും പ്രശസ്ത അഭിഭാഷകനും സോഷ്യലിസ്റ്റ് നേതാവുമായ കെ.ചന്ദ്രശേഖരന് എ.കെ.പി.സി.ടി.എയുടെ ആദരാഞ്ജലികൾ

private managements of educational institutions in Kerala associated with the ludicrous agenda of the feudal classes in the late 1950's –they are trying to woo the corporate bourgeoisie in this non starter of a struggle which they wish to launch in the year 2006.

It is in this context that the transformation from missionary zeal to capitalist avarice is taking place in the educational sector of Kerala. The terms currently being discussed in relation to education are those like "capital investment", "annual returns", "profit margin" etc so much so that one wouldn't imagine that education is the central topic being discussed. The people of Kerala are much indebted to the missionary zeal that has enabled this state to achieve its past glories in the field of education. The people of Kerala have hugely returned this favor by providing public assets to the private institutions in the state and in doing so they were fully aware of the public service rendered by these institutions. Thus it came about that acres of land and other amenities were handed over to these private managements and the Government even took up the responsibility of paying the academic and ministerial staff in these institutions. However when these managements attempt to align with the corporate world and turn Kerala into an educational market. The people of Kerala will rise- as they always have risen- to close the floodgates of neocolonial interventions. Thus it is for the managements to prove their loyalty to this state and the immortal ideals and values that have resulted in the creation of modern Kerala.

## എ.കെ.പി.സി.ടി.എ സംസ്ഥാന ഭാരവാഹികളുടെ മേൽവിലാസവും ടെലിഫോൺ നമ്പരും


**PRESIDENT**

PROF. A. P. KUTTIKRISHNAN — 0490 - 2477127, 9447547903
URUVACHAL P.O.
MATTANNUR KANNUR DIST

**GENERAL SECRETARY**

PROF. R. MOHANAKUMAR — 95470 -2605452, 9447065252
ARAMAM
MUNDAYIL
VARKALA
THIRUVANANTHAPURAM

**TREASURER**

DR. K. K. BALACHANDRAN NAIR — 0483-2768278, 9447628742
ANJALY
KARUVAMBRAM
MANJERI.P.O, MALAPPURAM

**VICE -PRESIDENTS**

PROF. P. REGHUNATH — 95479-2348284, 9447795285
PLACHERIL HOUSE
LLREZHA SOUTH.S
CHETTIKULANGARA .P.O
MAVELIKARA-690106

PROF. T.A.USHAKUMARI — 0487-2366868, 9447771946
'PRATHEEKSHA'
PANNIMKULANGARA LANE
AYYANTHOLE THRISSUR-3

**SECRETARY, KERALA UNIVERSITY**

PROF. K. VIJAYADHARAN — 95474-2732100, 954742562258, 9447865771
VAISHNAVAM 1 FLOOR
JANANI, 129
KADAPPAKADA KOLLAM

**SECRETARY, M.G UNIVERSITY**

DR. RAJAN VARGHESE — 95484 -2706338, 9847421338
15/589A
AYRATHU HOUSE MARADU
ERNAKULAM-682304

**SECRETARY, CALICUT UNIVERSITY**

PROF. SAFARUDEEN — 0492-4223704, 9447590587
FATHIMA, PERIMBADARI
P.O, MANNARGHAT, PALAKKAD

**SECRETARY, KANNUR UNIVERSITY**

PROF. C. PADMANABHAN — 0490-2477432, 9447683360
PADMALAYAM
POST KAYANI MATTANUR
KANNUR-670702

എ.കെ.പി.സി.ടി.എ

## സംസ്ഥാന പ്രവർത്തക ക്യാമ്പ്

2006 ആഗസ്ററ് 5,6
എറണാകുളം



# ചൂഷണ വ്യവസ്ഥയിൽ നിന്നുകൊണ്ട് മാററങ്ങൾ നേടിയെടുക്കണം: എം.എ.ബേബി

ചൂഷണ വ്യവസ്ഥയിൽ നിന്നുകൊണ്ട് മാററങ്ങൾ നേടിയെടുക്കണമെന്ന് എ. കെ. പി. സി. ടി. എ സംസ്ഥാന പ്രവർത്തക ക്യാമ്പ് കലൂർ റിന്യൂവൽ സെൻററിൽ ഉദ്ഘാടനംചെയ്തുകൊണ്ട് വിദ്യാഭ്യാസ മന്ത്രി എം. എ. ബേബി പറഞ്ഞു. എ.കെ.പി. സി. ടി. എ. യും തന്റെ തലമുറയിലെ വിദ്യാർത്ഥി സംഘടനാ പ്രവർത്തകരും തമ്മിലുള്ള ബന്ധം വികാരവായ്പോടും സവിശേഷമായ ഓർമ്മയോടും കൂടിയേ ഓർക്കാൻ കഴിയൂ. പിന്നീട് പലതരത്തിലുള്ള കൂട്ടായ്മയ്ക്ക് അധ്യാപക വിദ്യാർത്ഥിയെന്നു കാരണമായി.

അധ്യാപക പ്രസ്ഥാനങ്ങൾ കേരളീയ സമൂഹത്തിന്റെ സ്വഭാവരൂപീകരണത്തിനു നൽകിയ സംഭാവന മഹത്തരമാണ്. ഇപ്പോൾ പൊതുജീവിതത്തിൽ സജീവം പ്രവർത്തിക്കുന്നവർക്കെല്ലാം പ്രശ്നങ്ങൾ ആഴത്തിൽ പഠിക്കുവാനും വിശകലനം ചെയ്യാനും വ്യാഖ്യാനിക്കാനും കഴിവുണ്ടായത് അധ്യാപക സംഘടനയെ മാതൃകയാക്കിയതുകൊണ്ടാണ്. അത്തരം പ്രവർത്തനങ്ങളാണ് പ്രവർത്തക ക്യാമ്പിലും നടക്കുന്നത്.

ഉന്നതവിദ്യാഭ്യാസ രംഗത്തെ ഒരു ഭാഗത്തെ മാത്ര ബാധിക്കുന്ന പ്രശ്നമാണ് സ്വാശ്രയ വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന പ്രശ്നം. വിദ്യാഭ്യാസത്തെ സമൂഹം എങ്ങനെ നോക്കിക്കാണുന്നു എന്നതാണു മുഖ്യപ്രശ്നം. ഒരു സമൂഹത്തെ രൂപപ്പെടുത്തുന്നതും നിലനിർത്തുന്നതും വിദ്യാഭ്യാസമാണ്. കൃഷിക്കാർ, തൊഴിലാളികൾ. സേവനമേഖലയിലെ ജോലിക്കാർ എന്നിവരെല്ലാം അടിസ്ഥാനപരമായ പ്രവർത്തനങ്ങളാണു നടത്തുന്നത്. അ



ന്തിമവിശകലനത്തിൽ. വിദ്യാഭ്യാസമാണ് ഏററവും അടിസ്ഥാനമേഖല; അതിൽത്തന്നെ പ്രാഥമിക വിദ്യാഭ്യാസം സമൂഹത്തിലെ പലതരത്തിലുള്ള വ്യവസ്ഥകളുടെ രൂപവത്കരണത്തിൽ പ്രധാന പങ്കുവഹിക്കുന്നു.

സമൂഹത്തിലെ വ്യത്യസ്തഘടകങ്ങളുടെ അനിവാര്യമായ സംയോജനത്തോടൊപ്പം തന്നെ വൈരുദ്ധ്യാത്മികത്വവും ഉടലെടുക്കുന്നു. മുതലാളിത്ത സമ്പദ്‌വ്യവസ്ഥ അതിന്റെ ശവക്കുഴി തോണ്ടുന്ന തൊഴിലാളികളെയും സൃഷ്ടിക്കുന്നു. തൊഴിലാളി സംഘടനയുടെ ആദ്യപാഠങ്ങൾ പഠിപ്പിക്കുന്നതു മുതലാളി തന്നെയാണ്. 1921-ൽ തന്നെ ആലപ്പുഴയിൽ ആദ്യത്തെ തൊഴിലാളി സംഘടന നിലവിൽ വന്നു. ചൂഷണ സമ്പദ്‌വ്യവസ്ഥയിൽത്തന്നെ അതിനെതിരായ വ്യവസ്ഥയും വളർന്നുവന്നു എന്നർത്ഥം. ഇംഗ്ലീഷ് വിദ്യാഭ്യാസവും അതുപോലെ വൈരുദ്ധ്യാത്മകമാണ്. ഇംഗ്ലീഷ് പഠിച്ച ഇന്ത്യാക്കാർ ഇംഗ്ലീഷുപയോഗിച്ചുതന്നെ ബ്രിട്ടീഷുകാരെ നേരിട്ടു.

സമൂഹത്തെ നിർമ്മിക്കാനും മാററിമറിക്കാനും അധ്യാപകർക്ക് പ്രധാന പങ്കുവഹിക്കാനുണ്ട്. അധ്യാപകേതര ജീവനക്കാർക്കും ചെറിയ പങ്കുവഹിക്കാൻ കഴിയും. വിദ്യാഭ്യാസത്തെ അശാസ്ത്രീയതയിൽ നിന്നു മോചിപ്പിക്കുകയും ശാസ്ത്രീയമാക്കാൻ ശ്രമിക്കുകയും വേണം. അതിനു വിവിധ മേഖലകളിൽപ്പെട്ട തൊഴിലാളികളെ സഹകരിപ്പിക്കണം. അങ്ങനെ സമൂഹത്തിന്റെ തിന്മകളെ ചെറുത്തുതോല്പിക്കാൻ വിദ്യാഭ്യാസത്തിനു കഴിയണം.

വിദ്യാഭ്യാസത്തെ യു ഡി എഫ് സർക്കാർ കഴിഞ്ഞ അഞ്ചുകൊല്ലം കൊണ്ട് കുത്തഴിഞ്ഞ അവസ്ഥയിൽക്കൊണ്ടെത്തിച്ചു. അതിനെ നേരെയാക്കാനാണു നമ്മുടെ ശ്രമം. ഏതിനും ഒരു വ്യവസ്ഥയും വ്യാകരണവും വേണം. സ്കൂൾ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ തീർക്കാൻ കെ. ഇ. ആറിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരണം. ഉന്നതവിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ തീർക്കാൻ സർവ്വകലാശാലാ നിയമം ശാസ്ത്രീയവും ജനാധിപത്യപരവുമാക്കണം. അതിനുള്ള ശ്രമം ആരംഭിച്ചിരിക്കുന്നു. സ്വാശ്രയകോളജ്, +2 സ്കൂളുകൾ എന്നിവ അനുവദിക്കുന്ന കാര്യത്തിൽ ആന്റണി ഗവ. ഒരു മാനദണ്ഡവും ദീക്ഷിച്ചില്ല. അതു പൊതുവിദ്യാഭ്യാസത്തെ തകർക്കാനേ ഉപകരിക്കുകയുള്ളു. നാം അതുവരെ തുടർന്നുവന്ന പുരോഗമനപരമായ എല്ലാ പ്രവർത്തനങ്ങളെയും തകർക്കുന്ന തീരുമാനമായിരുന്നു അത്.



സ. കെ. ചന്ദ്രൻപിള്ള എം.പി.

ഇടതുമുന്നണി വിദ്യാഭ്യാസത്തെ സമുദ്ധരിക്കാൻ വേണ്ട ചുമതല ഏറെറടുത്തത് ഒരു വെല്ലുവിളിയായിട്ടാണ്. അത്യന്ത സങ്കീർണമാണ് ഇന്ന് ഇതിന്റെ അവസ്ഥ. പ്രാഥമിക തലം മുതൽ പരിഷ്കരണം വേണ്ടി വന്നിരിക്കുന്നു. പ്രതിസന്ധികൾ ഒന്നൊന്നായി ഇതിന്റെ പുറത്തേയ്ക്കു വന്നു പതിക്കുകയാണ്. അതുനേരിടുന്നതിനോടൊപ്പം ബാക്കിയുള്ള പ്രശ്നങ്ങളും സമാന്തരമായി പരിഹരിക്കണം.

ഇടതുമുന്നണിയുടെ നയത്തിനനുസരിച്ചുള്ള കാര്യങ്ങളാണ് ഇപ്പോൾ ചെയ്തു കൊണ്ടിരിക്കുന്നത്. പതിനൊന്നാം പദ്ധതിയുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ ചർച്ച നടത്തിയത് അതിന്റെ ആദ്യത്തെ ചുവടുവയ്പാണ്. ഇതുവരെ തുടർന്നുവന്ന നയത്തിന് ഒരു ബദൽ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വേണ്ട ചർച്ച നടന്നു കഴിഞ്ഞു. ഈ ചർച്ച തുടരുന്നതാണ്.

ചൂഷണ സമ്പദ്‌വ്യവസ്ഥയാണ് ഇന്നും ഇവിടെ നിലനില്ക്കുന്നത്. ആഗ്രഹങ്ങളും നിലവിലുള്ള സമ്പദ്‌വ്യവസ്ഥയും യോജിച്ചു പോകുന്നില്ല. അതിനാൽ പലതും ചെയ്യാൻ കഴിയുന്നില്ല. പൊരുതുന്ന സംഘടനകളുടെ കൂട്ടായ ശ്രമത്തിലൂടെ എത്ര മാത്രം ചെയ്യാൻ കഴിയുമെന്ന ചിന്തയിലാണ് നമ്മൾ. അതിനുവേണ്ടിയുള്ള സമരത്തിൽ എ കെ പി സിടി എ യും അതിന്റെ പങ്കുവഹിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

വിദ്യാഭ്യാസ രംഗത്തുള്ള എല്ലാ നേട്ടങ്ങൾക്കും കാരണം 1957 ലെ വിദ്യാഭ്യാസ നയമാണ്. പ്രശ്നങ്ങൾക്ക് എല്ലാവരും അറിയുന്ന ഒരു പരിഹാരം കാണാൻ ഗവ. ശ്രമിച്ചിരുന്നു. വിദ്യാഭ്യാസത്തിന്റെ ദേശസാൽക്കരണമായിരുന്നു അതിന്റെ മുഖ്യലക്ഷ്യം. മാതൃകാപരമായി പ്രവർത്തിച്ചിരുന്ന ചില മാനേജർമാരുണ്ടായിരുന്നെങ്കിലും ഭൂരിപക്ഷവും അങ്ങനെയല്ലായിരുന്നു. അത്യന്തം അപമാനകരമായ അവസ്ഥയിൽ നിന്ന് അധ്യാപകരെ രക്ഷിക്കാൻ ആ നയത്തിനു കഴിഞ്ഞു. തൊട്ടടുത്ത വിദ്യാലയത്തിൽ വിദ്യാർത്ഥിക്കു പ്രവേശനം ലഭിക്കാൻ ആ നയം കാരണമായി. അങ്ങനെ ചൂഷണ സമ്പദ് വ്യവസ്ഥയിൽ നിന്നുകൊണ്ട് അതിനെതിരെ പോരാടാൻ ആ നയത്തിനു കഴിഞ്ഞു. അർഹതപ്പെട്ടവർക്കെല്ലാം വിദ്യാഭ്യാസം എന്നതായിരുന്നു അതിന്റെ പ്രഖ്യാപിത ലക്ഷ്യം.

സാമൂഹിക സാംസ്കാരിക രംഗത്ത് നമുക്കും ചില പരിഷ്കാരങ്ങൾ നടത്തേണ്ടതുണ്ട്. അതുടനടി സാധ്യമല്ലെങ്കിലും ക്രമേണ സമരം ചെയ്ത് സാധ്യമാക്കാം. ഇപ്പോൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് 85% വരെ സമ്പത്ത് ഗവ. സമാഹരിച്ചു നൽകിയാണ് നിലനിർത്തുന്നത്. പഠി




ഡോ.എൻ.കെ.ജയകുമാർ

ക്കാൻ വരുന്നവരിൽ നിന്നു തന്നെ ചെലവ് ഈടാക്കണമെന്നത് ഇടതുമുന്നണി സമീപനമല്ല.

യു. ഡി. എഫ്. ഗവൺമെന്റ് അനിയന്ത്രിതമായ പല പരിഷ്കാരങ്ങളും നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. അത് അത്രപെട്ടെന്ന് നിർത്തലാക്കാൻ കഴിയില്ല. എന്നാൽ എത്രത്തോളം നിയമവിധേയമാക്കാം എന്നതിനാണ് നാം ഊന്നൽ കൊടുക്കുന്നത്. ഇന്ത്യൻ ഭരണഘടന പോലും അപൂർണ്ണമാണ്. അതുഭേദഗതി ചെയ്യാനുള്ള നിയമവും അതിൽത്തന്നെയുണ്ട്. എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിലും കുറേ പരിഹരിക്കാൻ കഴിയും. പക്ഷേ അത് വളരെ നീട്ടിക്കൊണ്ടു പോകാൻ കഴിയുകയില്ല. അതിനുവേണ്ടിയാണ് വളരെ വേഗത്തിൽ സ്വാശ്രയനിയമം കൊണ്ടുവന്നത്.



ആർ. മോഹനകുമാർ



എ.പി. കുട്ടികൃഷ്ണൻ

നിയമസഭയിൽ ഐകകണ്ഠ്യേന പാസ്സാക്കിയ നിയമം ഈ സംസ്ഥാനത്തെ ഭൂരിപക്ഷം ജനങ്ങളും ആവശ്യപ്പെടുന്ന ഒന്നാണ്. അതിന്റെ അന്തസ്സത്തയെ ഇതുവരെ ആരും ചോദ്യം ചെയ്തിട്ടില്ല. കോടതിപോലും ഇത് ഈ വർഷം നടപ്പാക്കണോ വേണ്ടയോ എന്ന കാര്യത്തിലാണ് ശ്രദ്ധിച്ചത്. ഈ രംഗത്തുനടക്കുന്ന ചൂഷണം എത്രയുംവേഗം ഇല്ലാതാക്കാനാണ് ഗവ. ശ്രമിക്കുന്നത്. ഇനാദാർ കേസിൽ സുപ്രിംകോടതിയും ചൂഷണത്തിനെതിരെ വിധി പ്രസ്താവിച്ചിട്ടുണ്ട്.

ഇന്നത്തെ നിലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമാണ് സ്വാശ്രയനിയമം. യുക്തിയുക്തമായ ചില മാനദണ്ഡങ്ങൾ വച്ചാണ് ന്യൂനപക്ഷ പദവി നിർമ്മിച്ചതും അതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചതും. വിദ്യാഭ്യാസകാര്യത്തിൽ കേരളത്തിൽ പല ന്യൂനപക്ഷസമുദായങ്ങളും മുൻപന്തിയിലാണ്. അവർക്ക് അനർഹമായ സൗകര്യങ്ങൾ കൊടുത്താൽ കേരളീയ സമൂഹത്തിൽ ഇന്നു നിലകൊള്ളുന്ന സൗഹാർദ്ദത്തിനു കോട്ടം തട്ടും.

ഇടയലേഖനത്തിൽ പറയുന്നതുപോലെ ദേശസാൽക്കരണം ഇടതുമുന്നണിയുടെ ലക്ഷ്യമല്ല. വിദ്യാഭ്യാസം രാഷ്ട്രത്തിന്റെ സ്വത്താണ്. എല്ലാ വിദ്യാർത്ഥികളും പൊതുനിക്ഷേപത്തിലൂടെ വളർന്നുവന്നാണ് പ്രൊഫഷണൽ രംഗത്തെത്തുന്നത്. വിദ്യാഭ്യാസം ലാഭക്കച്ചവടമാക്കാൻ കേരളസമൂഹം അനുവദിക്കില്ല. ഈ രംഗത്ത് ഗുണമേന്മയുടെയും സാമൂഹ്യനീതിയുടെയും തത്വങ്ങൾ നടപ്പാക്കാൻ ഗവൺമെന്റിനു ബാധ്യതയുണ്ട്. അതുകൊണ്ട് ഇടതുമുന്നണി സർക്കാർ ഒരു കാരണവശാലും ഈ നിലപാട് ഉപേക്ഷിക്കുകയില്ല. ഈ നിയമം കാലഘട്ടത്തിന്റെ ആവശ്യമാണ്. വിദ്യാഭ്യാസരംഗത്തെ പണാധിപത്യം ഇല്ലാതാക്കാൻ ഗവൺമെന്റ് ശ്രമിക്കും. അതിനുള്ള എല്ലാ മാർഗങ്ങളും അവലംബിക്കും. നിയമനടപടികൾ അതിന്റെ ഭാഗമാണ്. അതുകൊണ്ട് പ്രശ്നങ്ങൾ സമചിത്തതയോടെ നോക്കിക്കാണാൻ എല്ലാവരും ശ്രമിക്കണം.

നമ്മുടെ സർവ്വകലാശാലകളിലെ പ്രശ്നങ്ങൾക്കു പരിഹാരം കാണണം. കോളജുകളിൽ വേണ്ടത്ര അധ്യാപകരില്ല. സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഇതു പരിഹരിക്കാൻ ശ്രമിക്കുന്നതാണ് സർവ്വകലാശാലാ നിയമത്തിലെ പോരായ്മകൾ പരിഹരിക്കണം. ഉന്നത വിദ്യാഭ്യാസ കൗൺസിൽ അതിനുവേണ്ടി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാററങ്ങൾ വരുത്തും. പ്രാഥമിക തലം മുതൽ സ്കൂൾ വിദ്യാഭ്യാസം പരിഷ്കരിക്കാനുള്ള ശ്രമങ്ങളും ഇതോടൊപ്പം നടത്തേണ്ടതുണ്ട്. എല്ലാവരുടെയും സഹായസഹകരണങ്ങൾ ഈ കാര്യത്തിൽ അഭ്യർത്ഥിച്ചുകൊണ്ട് മന്ത്രി പ്രസംഗം അവസാനിപ്പിച്ചു.

സ്വാശ്രയനിയമത്തെ സംബന്ധിച്ച് കേരളസർവ്വകലാശാല നിയമവകുപ്പുമേധാവി ഡോ. എൻ. കെ. ജയകുമാർ മുഖ്യപ്രഭാഷണം നടത്തി. എ. കെ. പി. സി. ടി. എ. പ്രസിഡണ്ട് എ. പി. കുട്ടികൃഷ്ണൻ, ജനറൽ സെക്രട്ടറി ആർ. മോഹനകുമാർ, ട്രഷറർ ഡോ. കെ. കെ. ബാലചന്ദ്രൻ നായർ എന്നിവർ പ്രസംഗിച്ചു.

ഉച്ചയ്ക്ക് നടന്ന ട്രേഡ് യൂണിയൻ സമ്മേളനത്തിൽ "ട്രേഡ് യൂണിയൻ രംഗത്തെ പുത്തൻ വെല്ലുവിളികൾ" എന്ന വിഷയത്തെ അധികരിച്ച് സഖാവ്. ചന്ദ്രൻപിള്ള എം. പി. സംസാരിച്ചു. പ്രൊഫ. കെ. രഘുനാഥ് അധ്യക്ഷത വഹിച്ച സെഷനിൽ പ്രൊഫ. കെ. വിജയധരൻ, പ്രൊഫ. സഫറുദിൻ തുടങ്ങിയവർ സംസാരിച്ചു.

തുടർന്ന് സംഘടനാ പ്രവർത്തനരേഖ (പ്രൊഫ. ആർ. മോഹനകുമാർ), അക്കാദമിക് രേഖ (ഡോ. രാജൻവർഗീസ്), വനിതാ പ്രവർത്തന രേഖ (പ്രൊഫ. ടി. എ. ഉഷാകുമാരി), ജേർണൽ (ഡോ. എസ്. ജയരാജ്കുമാർ), സർവ്വീസ് കാര്യങ്ങൾ (പ്രൊഫ. കെ. എസ്. ജയചന്ദ്രൻ) അവതരിപ്പിച്ചു. തുടർന്ന് നടന്ന പൊതുചർച്ചയിൽ പതിനെട്ടോളം പേർ പങ്കെടുത്തു. ചർച്ചകൾക്കുള്ള മറുപടിയോട് കൂടി രാത്രി പതിനൊന്ന് മണിക്ക് ക്യാമ്പിന്റെ ആദ്യ ദിവസം അവസാനിച്ചു.

രണ്ടാം ദിവസം (ആഗസ്ററ് 6- ഞായർ) രാവിലെ പത്തുമണിക്ക് ആരംഭിച്ച സെഷനിൽ സർവകലാശാല നിയമപരിഷ്കാരങ്ങൾ സംബന്ധിച്ച് പ്രൊഫ. കെ. സദാശിവൻ നായരും, സംഘടനാ ചരിത്രത്തെക്കുറിച്ച് പ്രൊഫ. വി. എൻ. മുരളിയും പ്രഭാഷണങ്ങൾ നടത്തി. സമാപന സെഷനിൽ പ്രൊഫ. ഡി. സലിംകുമാറും ഡോ. രാജൻ വറുഗീസും സംസാരിച്ചു. പ്രൊഫ. എ. എ. ചന്ദ്രദാസൻ ക്രെഡൻഷ്യൽ റിപ്പോർട്ട് അവതരിപ്പിച്ചു. പങ്കാളിത്തകാര്യത്തിൽ ക്യാമ്പ് മുൻവർഷങ്ങളെക്കാൾ മെച്ചപ്പെട്ടതായിരുന്നു. നൂററി തൊണ്ണൂററി ആറ് അധ്യാപക പ്രതിനിധികൾ ക്യാമ്പിൽ രജിസ്ററർ ചെയ്തു. ചർച്ചചെയ്യപ്പെട്ട വിഷയങ്ങളുടെ കാര്യത്തിലും ക്യാമ്പ് നല്ല നിലവാരവും മാധ്യമശ്രദ്ധയും പിടിച്ചുപററി. ഉച്ചക്ക് ഒന്ന് മുപ്പതിന് ക്യമ്പ് സമാപിച്ചു.

**Dr. N.K. Jayakumar**
*Professor, Head and Dean Faculty of Law, Kerala University*

## The Kerala Professional Colleges Act, 2006

# Towards Social Justice and Excellence

The most perplexing problem in the field of higher education in India today is perhaps that of harmonizing social justice and excellence, in a highly hierarchical and caste-ridden society, which has passed though centuries of discrimination and oppression, equality demands a policy of protective discrimination. Economic inequalities which have always existed, became more accentuated as a result of economic liberalisation and privatization. It seems ironical that the proponents of liberalization and privatization in higher education project excellence as their goal. The reality is that the gravest threat to both social justice and excellence in higher education comes from the policy of liberalization and privatization, which is only an euphemism for commercialization.



**The professional education scenario in Kerala was a perfect model, an ideal blend of social justice, equity and excellence, until 2001, when the UDF Government adopted a retrograde policy of indiscriminately sectioning the starting of professional colleges to all those who had applied for it.**

It is unfortunate that the proponents of privatization have been able to exert a decisive influence on educational policy making at the national as well as state levels. More unfortunate is the fact that even the higher judiciary is our country fell under the spell of this particular social philosophy, as the decisions of the Supreme Court in *Pai Foundation* (2002), *Islamic Academy* (2003) and *Inamdar* (2005) amply illustrate. This social philosophy is in sharp contrast to the earlier approach of the Court revealed in *Mohini Jain* (1992) which elevated the right to education at all levels to the status of a fundamental right. The Court observed that the opportunity to acquire education cannot be confined to the richer sections of society, and the 'concept of teaching shops was contrary to the constitutional scheme and is wholly abhorrent to the Indian culture and heritage'. The question whether there is any fundamental right to establish an educational institution, which has either been answered in the negative or evaded by the Court till then, was answered in the affirmative in *Pai Foundation*. But right to education, beyond the age of 14 years, the Court held, was not a fundamental right.

When the Supreme Court unashamedly declares in *Pai Foimdation* that "it is well established all over the world that those who seek professional education must pay for if", it reveals not only their ignorance of the global scenario, but also their subservience to a pro-privatization philosophy. It seems doubtful whether a

" .... this court cannot shut its eyes to the hard realities of commercialization of education and evil practices being adopted by many institutions to earn large amounts for their private or selfish ends. .......

The KPC Act has attempted to translate the above principle enunciated by the Supreme Court into reality through its provisions regulating admission and fee structure.



subsequent Bench of the Supreme Court, not to speak of High Courts, will be able to liberate itself from the clutches of this philosophy laid down by a 11 Judge Bench of the Supreme Court.

The pro privatization policies of State governments, encouraged by the Union Government and fortified by judicial decisions from time to time, resulted in mushrooming growth of thousands of 'self financing' professional colleges all over the country in a decade (1995-2004) The almost total exclusion of the SC, ST and socially and economically backward classes from these institutions was clearly a negation of the constitutionally enshrined concept of social justice. The final blow was struck by the Supreme Court when it categorically declared in *Inamdar* that the State cannot insist on private educational institutions which receive no aid from the State to implement State policy on reservation for granting admission on lesser percentage of marks, i.e., on any criterion except merit" In order to nullify this part of the judgment, the Constitution (93rd Amendment) Act was passed, which authorised the State to make special provisions, by law, for the advancement of any socially and educationally backward classes of citizens or for SC and the ST in educational institutions including private educational institutions, whether aided or unaided. But the Amendment specifically excluded minority educational institutions from the purview of this provision.

The professional education scenario in Kerala was a perfect model, an ideal blend of social justice, equity and excellence, until 2001, when the *UDF* Government adopted a retrograde policy of indiscriminately sectioning the starting of professional colleges to all those who had applied for it. The organized strength of so called 'self financing' professional college managements emboldened them to challenge the authority of the State to impose any regulatory measures on them. The mounting popular pressure and growing agitations forced a reluctant government to enact a law in 2004. The law was, however, a non starter due to court intervention, even though it had conceded the power of the management to admit 50% of students on the basis of their own entrance test and to fix their own fee. The twin objectives of social justice and excellence were totally overlooked in the Act. In the absence of any effective social control, the self financing professional colleges in Kerala degenerated into purely commercial enterprises, rendering words lite social justice and excellence quite irrelevant.

It is in this backdrop that we have to attempt an evaluation of the Kerala Professional Colleges (Prohibition of Capitation Fee, Regulation of Admission, Fixation of Non-exploitative Fee and Other Measures to Ensure Equity and Excellence in Professional Education) Act, 2006 introduced by the LDF Government and unanimously passed by the Kerala Legislature Assembly. The priorities and perspective are rightly reflected in the rather long title and unusually lengthy preamble of the Act. An analysis of the provisions clearly reveals a

commitment to the objectives of social justice and excellence.

The 93rd Amendment, which will remain a dead letter in the absence of follow up legislation, comes to life though S.10 of the Act In addition to reservation of 10% seats for SC/ST and 25% for SEBC, the Act, in a bold innovation, sets apart 12% seats for those who are not eligible for any reservation, on merit cum means basis, and 3% for physically challenged persons. Since such reservation is not constitutionally ordained, the Act provides for a consensus based on mutual agreement between the unaided professional college and the Government. Needless to add, in the absence of any such agreement those seats will go to the general merit pool.

In the matter of admission, the Act places merit at the focal point by providing for strictly merit based admission, on the basis of the rank list prepared by the Commissioner for Entrance Examinations, to 70% of sanctioned intake. The Act deviates from the principle of merit in the case of 15% NRI seats and 15% privilege seats . While NRI quota has been found permissible by the Supreme Court privilege seats find justification in the peculiar situation prevailing in the State. One criticism that has been leveled against the Act is that it has reduced seats in the general merit quota to just 18% This criterion is based on a narrow and padantic concept of merit, identifying it only with one's score in a multiple choice test. The Act makes an attempt to synthesise the concept of merit with the idea of social justice . In the coming years, more sustained efforts are need to evolve a rational and integrated approach to merit on the basis of performance as well as socio economic parameters.

The criteria for identifying Minority Educational Institutions are enumerated in S.8 of the Act. Those criteria are extremely realistic *vis a vis* the social conditions in the State and are perfectly in tune with the objectives of the constitutional right granted to religious and linguistic minorities in Art30(l) of the Constitution to establish and administer educational institutions of their choice. It is also pertinent to add that the said right is not absolute and is subject to regulatory powers of the State. In the case of minority unaided Professional Colleges also the Act stipulates admission in the order of merit in accordance with inter se merit from the rank list prepared by CEE. It further provides that within the minority quota, 50% of seats shall be filled up from among the socially and economically backward sections from within the minority on merit cum means basis.

The KPC Act makes an earnest attempt to ensure that no student who has the aptitude and ability to pursue professional education is denied access to such education because he/she is economically disadvantaged This is sought to be achieved through a provision for free ships, which has been defined as "full or partial remission of tuition fee awarded to SC ad ST and other socially, educationally and economically backward sections on merit cum means basis". The modalities of awarding free ships have to be worked out carefully so that the laudable objective of social justice is achieved.

Commercialization of professional education reaches its peak through the exploitative practice of capitation fee. The Act contains stringent provisions to curb the practice of collecting capitation fee by imposing a ban and prescribing deterrent punishment in the form of imprisonment upto 3 years and a fine not less than Rs.50 lakhs.

The Supreme Court despite its pro privatization approach, has repeatedly reiterated that professional education shall not be commercialized. There should not be any exploitation and profiteering. The Court has also emphatically asserted that merit alone should be the criterion for admission. The Court rightly observed :

" .... this court cannot shut its eyes to the hard realities of commercialization of education and evil practices being adopted by many institutions to earn large amounts for their private or selfish ends. If capitation fee and profiteering is to be checked, the method of admission has to be regulated so that the admissions are based on merit and transparency and the students are not exploited. It is permissible to regulate admission and fee structure for achieving the purpose just stated. " *(PA Inamdar v State of Maharasitfrz* (2005) 6 SCC 577, 605)

The KPC Act has attempted to translate the above principle enunciated by the Supreme Court into reality through its provisions regulating admission and fee structure. To the question whether the KPC Act is a wonder drug, that will cure all ills in the body of professional education in our state and ensure social justice and excellence, the answer, undoubtedly must be in the negative. These objectives can be achieved only through long term policies and planning, involving concerted efforts of the government, Universities, and statutory professional bodies. The KPC Act can be hailed as a move in the right direction. Whether this move will be followed up by further determined effects to achieve the objectives of social justice and excellence, not only in professional education, but also in all levels of education, will certainly depend on the public support for the implementation of the present Act.

*keynote address at AKPCTA workers camp held at Ernakulam.*

**Dr. Prabhat Patnaik**
*Vice-chairman,*
*Kerala State Planning Board*

## A Background note on

# The Approach Paper to the Eleventh Five year Plan



THE Kerala State Planning Board has serious reservations both on the approach of the Approach paper of the Planning Commission and on a number of specific points. The basic emphasis of the document is on an acceleration of the growth rate, which, both directly and indirectly (by generating greater revenue for appropriate State expenditure), is supposed to reduce poverty and unemployment. This presumption is untenable. It is not the magnitude of the growth rate, but the nature of it, and hence the regime within which it occurs, that is crucial for poverty and unemployment.

The decade of the nineties has witnessed an acceleration of the growth rate. And yet at the end of the decade, in 1999-2000, 74.5 percent of the rural population was poor, precisely in the sense that the rural poor are officially defined, viz. with a calorie intake of less than 2400 per person per day. (This figure is arrived at without making any adjustments to the "contaminated" NSS data; adjustments would raise it further). In 1973-74 the corresponding figure was 56.4 percent. Rural poverty, in the strict sense defined by the central government itself, appears to have increased, or at the very least not declined, despite the significant acceleration in growth rate. (The decline shown by the Planning Commission is methodologically faulty: it updates a "poverty line" by using the Consumer Price Index for Agricultural Labourers which only partially covers the consumption basket of the labourers). If growth acceleration has left rural poverty untouched at best, then more of the same would hardly make any difference to poverty. On the contrary, it would only accentuate inequalities even further.

The magnitude of poverty is linked essentially to unemployment. If growth remains "jobless" then no amount of acceleration in it would ever reduce poverty. The Planning Commission's presumption is that the growth of labour demand will increase with the growth of GDP, especially if GDP growth is based significantly upon the manufacturing sector. But there is no evidence for this. The elasticity of employment with respect to output does not appear to remain constant, either for the economy as a whole or for the manufacturing sector; on the contrary it declines as growth rate increases. And the decline is so sharp that a 12 percent growth rate in manufacturing, where it has occurred on a sustained basis, has been accompanied by an employment elasticity of 0.08, implying a mere 1 percent growth in employment. It follows then that the emphasis on the magnitude of growth is misplaced. The Approach Paper talks about the lot of the "average Indian" improving faster through growth acceleration; but this "average Indian" is a piece of fiction. The Planning Commission's statement is analogous to saying that a person whose head is in the freezer and feet over fire is "on average" comfortable.

## CONCEPTUAL LACUNA

Of course the Approach Paper visualizes an increase in the rate of agricultural growth to 4 percent, which is supposed to have a significant impact on rural unemployment and poverty. But there is a serious conceptual lacuna here. The problem with the Indian economy of late should be seen not just as the stagnation of agriculture, but above all as the stagnation of peasant agriculture. The relevant category in other words is not sectoral but social. And this makes a world of difference to our understanding of the remedies. If the problem was merely one of increasing agricultural growth, then corporate agriculture and contract farming, as endorsed by the Approach Paper, should make eminent sense. But if the problem is one of protecting and promoting peasant agriculture, then encouraging corporate players to enter the field and promoting contract farming, could have a further adverse impact on the peasantry, pushing it further towards destitution, causing even larger numbers of suicides, causing even greater rural unemployment and destroying the rural economy even further. The category of analysis in short is fundamental and the Approach Paper uses sectoral categories which are misleading.

What we have had in India is a phenomenon of undermining of petty production, of peasants, of craftsmen, and of the unorganized sector generally, under the impact of the policies of "liberalization", which have opened them up to competition from the world market, exposed them to price fluctuations of the world economy, entailed a drying up of institutional credit for them, and brought about a withdrawal of government support for them. We in Kerala have been witnesses to this crisis of petty production, which has resulted in a large number of suicides in Wyanad, and threatens to reduce small fishermen and plantation workers to destitution (especially with the spate of Free Trade Agreements which the Union Commerce Ministry has embarked upon).

It is a symptom of the Approach Paper's obliviousness to this issue, arising from its exclusive use of sectoral as distinct from social categories, that it actually advocates a further de-reservation of items hitherto reserved for the small-scale sector, which would only compound the crisis of petty production. Likewise leaving peasants to the mercy of multinational corporations which would directly interact with them as purchasers of their products, as sellers of inputs to them, and as contracting parties (within a regime of contract farming) will only aggravate their dire conditions, given the massive mismatch in their respective bargaining strengths. This would only worsen the crisis of the petty production sector, and, in the context of the incapacity of the expanding organized sector to absorb more workers which was noted above, accentuate rural unemployment and poverty.

If obsession with the quantitative magnitude of growth constitutes one major lacuna of the Approach Paper, then its inability to pinpoint the nature of the crisis afflicting large segments of the economy, to recognize that the crisis is not simply one affecting particular sectors, but one that affects petty production generally, constitutes its other lacuna (inter-related with the first). To overcome this crisis, support of the State is essential; pushing petty producers into direct deals with MNCs or with the corporate sector in general, will only aggravate the crisis. And the Approach Paper's endorsement of MNCs' entry into agricultural retailing at the expense of local traders, through an overcoming of the latter's "vested interest" (as if the MNCs are devoid of any "vested interest"), will only generalize the crisis of petty production into a crisis of petty production and petty trade. It will additionally throw large numbers of petty traders out of business and work. In our view therefore the State must interpose itself between the MNCs and the corporate players on the one hand and the petty producers on the other: this is the only way of neutralizing the consequences of the mismatch in their respective bargaining strengths.

*The basic emphasis of the document is on an acceleration of the growth rate, which, both directly and indirectly (by generating greater revenue for appropriate State expenditure), is supposed to reduce poverty and unemployment. This presumption is untenable. It is not the magnitude of the growth rate, but the nature of it, and hence the regime within which it occurs, that is crucial for poverty and unemployment.*

This requires a strengthening of the extension services provided by the State so that the peasants are not deceived in the matter of purchase of seeds and other inputs. It requires a strengthening and widening of the price-support system erected after the mid-sixties instead of a dismantling of it. It requires a strict enforcement of priority sector lending norms instead of their dilution through a widening of the definition of the priority sector as has been occurring of late. And it requires that if contract farming is to be undertaken then the contract cannot be between petty producers and the corporates alone; the State must insert itself as a party to the contract to ensure that the interests of the petty producers are properly defended.



## LACK OF COMPREHENSION

Child Labour is generally defined as work that deprives children of their livelihood, potential and dignity, and which is harmful to their physical and mental development. Among this the unconditional worst forms are slave labour, prostitution, participants in armed conflicts, illicit traders, and the hazardous forms comprise work that exposes children to danger and jeopardize their physical and moral health. Child labour in the age category 5-14 in 2000 was estimated to be 250 million, 66% of this were classified as working under hazardous forms of child labour of all child labour. Of all the child labour in the world, 60% is stated to occur in Asia, 23% in sub-sahara Africa, 8% in West Asia and Latin America, and 6% in North Africa. In sub-sahara Africa, 29% of children are active as child labourers, the participants rate is 19% in Asia, 16% in Latin America, 15% in North Africa, and only 2% in developed countries. In the 1980s, the ILO estimated that there were 50 million child labours, of which 98% were living in developing countries. India is supposed to be responsible for 1/3rd of the child labour incidence of the world, A number of NGOs as well as most western sources state that India has more than 100 million child labourers, which is to say about half of all children between the age of 6 and 14 engage in child labour.

## Extent of FDI in India

### a) 100 percent FDI in India

Advertising and films, computer related services, pollution control and management services, urban planning and landscape services, health related and social services, travel related and social services, road transport services, maritime transport services, internal water transport services.

### b) FDI with Caps in India

Private banking (49%) insurance (26%) domestic airlines (40%). Basic and mobile services (49%) print media (26%), defence production (26%)

### c) FDI not permitted in India

Gambling, betting, lottery, retail trade, agriculture plantation. Except tea plantation.

## India's Largest Companies

The 'Analyst' ranked 500 top companies in India among 4650 companies that are listed on Bombay Stock Exchange. 500 companies were selected on the basis of net sales. Besides other parameters like PAT, PBDIT, Percentage change in Net sales market capitalization, EPS, Net Fixed Assets, and Return on Net worth, also have been taken to give a more comprehensive picture of the performance of the companies.

The top 500 companies were selected and ranked on the basis of net sales. Also macro classification of industries were done to simplify the industry categories. First 25 companies are given below for information.

| Rank | Company | | |
|---|---|---|---|
| 1 | India Oil co operation | 14 | GAIL |
| 2 | Reliance Industries | 15 | Adani Exports |
| 3 | Hindustan Petroloum | 16 | Kochi Refineries |
| 4 | BPC | 17 | IBP Co. |
| 5 | ONGC | 18 | Lassen & Tonrbo |
| 6 | SBI | 19 | ICICI Bank |
| 7 | SAIL | 20 | Maruti Udyog |
| 8 | NTPC | 21 | PNB |
| 9 | MRPL | 22 | Hindustan Lever |
| 10 | Tata motors | 23 | Bharat Heavy Electricals |
| 11 | Tata steel | 24 | STC |
| 12 | MMTC | 25 | Hindalco Industries |
| | | 13 | Chennai Petroleum corporation |

പ്രമോദ് വെള്ളച്ചാൽ
മഹാത്മാഗാന്ധി കോളേജ്, ഇരിട്ടി

# ഭ്രാന്തും ജീവിതവും:
## ഒരു താരതമ്യപഠനം

ഭ്രാന്തിനും ജീവിതത്തിനുമിടയിൽ
ഉഭയ സാമ്യമായി മുഴങ്ങുന്നു
അനാദിയായൊരു താളം 'രൂപകം'
ഒന്നു മറ്റൊന്നിലൊതുങ്ങും
സ്വരവേഴ്ച്ചതൻ
രാഗോന്മാദ ശയ്യയിൽ
ജീവിത ദർപ്പണത്തിൽ തിരയടിക്കുന്നു
ഭ്രാന്തിൻ ചുഴലിപോലുൾക്കടലുകൾ
നിരാർദ്രമാം നിദ്രതൻ
സ്വപ്നാടനം പോലെ നീളും
നിലതെറ്റി നിലാവിലൊഴുകുന്നു
മനസ്സിന്റെ ചങ്ങലക്കൂട്ടങ്ങൾ.
സങ്കടത്തിന്റെയൊരു ഗോളമൊരു മിഴിയിലും
മറുമിഴിയിലനന്തസാഗര
തിരയടിയുതിരുമാഹ്ളാദ നുരകളും
ഘോരകാനനമിളക്കി
മദമിളകിയ ബോധം
ചിന്നം വിളിച്ചു വിളറുന്നു.
മനസ്സിൽ സമസന്തുലിത
ഘടികാരസൂചികൾ
പേപിടിച്ചു ഭൂമി ചുറ്റിപ്പായുന്നു.
ഇതു തന്നെ ജീവിതം
ഇതു തന്നെ ഭ്രാന്തും
ഇതുതന്നെ കാലയാപനം
ജീവിത മിഴികളിൽ കർക്കിടകത്തോറ്റം
ഹൃദയത്തിലിടിമുഴക്കം മിന്നലാട്ടങ്ങൾ
മൗനങ്ങളിൽ പൊള്ളുന്ന മരുഭൂമികൾ
വാക്കിൽ നിറയുമുയിരിൻ
വേലിയേറ്റങ്ങൾ, വേലിയിറക്കങ്ങൾ.
വരൾച്ചയിൽ മൺചേർന്നൊടുങ്ങും
നിറനീല ജലവസന്തങ്ങൾ.
ജീവ ചക്രവാളങ്ങളിൽ പടരും
ജനിമൃതിതന്നുദയാസ്തമയങ്ങൾ.



ഇതു തന്നെ ജീവിതം
ഇതു തന്നെ ഭ്രാന്തും
ഇതു തന്നെ കാലയാചനം
ഒടുവിലൊരു കാഴ്ചയിൽ
ചിന്തതൻ തിരനോട്ടങ്ങളിൽ
ജീവിതം ഭ്രാന്തിന്റെ മടിയിൽ
ഉന്മാദവീണതൻ നെഞ്ചുരുകിയൊഴുകും
ഒരു താരാട്ടു കേട്ടു മയങ്ങുന്നു.

*Economic focus contd...*

## Monthly Tips

### § What is FDI?

Foreign Direct investment is an investment of foreign assets into domestic structures, equipment and organization.

### § What is single- brand Retail?

It means a whole–range of products sold under a brand name. The Multi National company Wall-mart is a brand name in its own right and thus can sell all grocery and food products and several other non-food items under a single brand name. India allows 51% FDI in single – brand retails.

ഡോ. എം.ആർ.സുദർശനകുമാർ
എം. ജി. കോളജ്, തിരുവനന്തപുരം

# പ്ലൂട്ടോയുടെ ചന്ദ്രന്മാർ

പ്ളൂട്ടോയുടെ രണ്ടാം ചന്ദ്രന്മാരെ കഴിഞ്ഞവർഷം കണ്ടെത്തിയിരുന്നു. ഇപ്പോൾ ഇന്റർനാഷണൽ അസ്ട്രോണമിക്കൽ യൂണിയൻ അവയ്ക്ക് പേര് നൽകി. 'Nix' എന്നും 'Hydra' എന്നുമാണ് അവയ്ക്ക് നൽകിയിരിക്കുന്ന പേര്. 'Nyx' എന്നത് രാത്രിയുടെ ഗ്രീക്ക് ദേവതയാണ്. കൂടാതെ പ്ളൂട്ടോയുടെ ഏററവും വലിയ ഉപഗ്രഹമായ 'Charon' ന്റെ അമ്മയുമാണ്. ഒരാസ്ട്രോയിഡിനെ 'Nyx' എന്ന് നാമകരണം ചെയ്തിട്ടുള്ളതിനാൽ പ്ളൂട്ടോയുടെ ചന്ദ്രനെ 'Nix' എന്നാകും എഴുതുന്നത്. ഹെർക്കുലിസ് കൊലപ്പെടുത്തിയ ഒമ്പതു തലയുള്ള ഭീമാകാര ജീവിയാണ് ഹൈഡ്ര. ഒമ്പതാമത്തെ ഗ്രഹമായ പ്ളൂട്ടോയെ അനുസ്മരിക്കാനാണ് ഒമ്പതുതലയുള്ള ഹൈഡ്ര എന്ന പേര് തെരഞ്ഞെടുത്തത്. ചന്ദ്രന്മാരുടെ പേരിലെ ആദ്യക്ഷരങ്ങളായ എന്നും എച്ചും പ്ളൂട്ടോ ദൗത്യത്തിനു പൊയ്ക്കൊണ്ടിരിക്കുന്ന 'New Horizons' എന്ന ശൂന്യാകാ പേടകത്തിന്റെ പേരിലേയും ആദ്യാക്ഷരങ്ങളാണ്.



## പമേല (PAMELA)[2]

തലകെട്ട് കണ്ട് ആരുടെയെങ്കിലും പേരാണെന്ന് വിചാരിച്ചെങ്കിൽ തെററി. Payload for Antimatter Exploration and Light - nuclei Astrophysics എന്ന പരീക്ഷണ ദൗത്യത്തിന്റെ ചുരുക്കപ്പേരാണത്. കോസ്മിക് കിരണങ്ങൾ പഠിക്കുവാൻ കസാക്സ്ഥാനിൽ നിന്നും ജൂൺ പതിനഞ്ചിന് വിക്ഷേപിച്ച ഡിററക്ടറാണത്. കോസ്മിക് കിരണങ്ങൾക്കൊപ്പം പ്രതിദ്രവ്യവും ഈ ഉപകരണം പഠന വിധേയമാക്കും. ജർമ്മനി, റഷ്യ, ഇററലി, സ്വീഡൻ എന്നീ രാജ്യങ്ങളിലെ ശാസ്ത്രജ്ഞരുടെ സംയുക്ത സംരംഭമാണിത്.

## സാധാരണ ഊഷ്മാവിലും വെള്ളം മഞ്ഞുകട്ടയാകും[3]

ഒരു ചെറിയ ടങ്സ്ററൺ മുനയ്ക്കും ഗ്രാഫൈററ് പ്രതലത്തിനുമിടയിൽ വെള്ളം വയ്ക്കുകയാണെങ്കിൽ മഞ്ഞുകട്ടയായി മാറാമെന്ന് നെതർലൻഡ്സിലെ ശാസ്ത്രജ്ഞർ കണ്ടെത്തി. നാനോ തലത്തിൽ ഇവിടെ ജലം പശയായിട്ടാണ് പ്രവർത്തിക്കുന്നതെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തി. നാനോതലത്തിൽ പ്രതലങ്ങൾ തമ്മിലുള്ള ബലത്തെക്കുറിച്ച് കൂടുതൽ അറിവു പകരാൻ ഈ ഗവേഷണ ഫലം സഹായകരമാകുമെന്ന് ശാസ്ത്രജ്ഞർ കരുതുന്നു.

## ഉറക്കമൊഴിഞ്ഞ രാത്രികളും കാൻസറും[4]

രാത്രി ഉറക്കമൊഴിഞ്ഞിരിക്കുന്ന ശീലം നിങ്ങൾക്കുണ്ടോ? ചിലപ്പോഴെങ്കിലും ലൈററിട്ട് നിങ്ങൾ കിടന്നുറങ്ങാറുണ്ടോ? ഒരു പുതിയ പഠനപ്രകാരം ഈ രണ്ടു ചോദ്യങ്ങൾക്കുമുള്ള ഉത്തരം അതെയെന്നാണെങ്കിൽ കാൻസർ രോഗം വരുവാനുള്ള സാധ്യത കൂടുതലാണ്. നേരത്തെയുള്ള പഠനങ്ങളിലും രാത്രികാലങ്ങളിൽ പ്രവൃത്തിയെടുക്കുന്ന നഴ്സുമാർക്ക് കാൻസർ വരുവാനുള്ള സാധ്യത 60% കൂടുതലാണെന്ന് കണ്ടിരുന്നു. എലികളിൽ നടത്തിയ പുതിയ പരീക്ഷണവും രാത്രി വെളിച്ചം കാൻസർ വരുവാനുള്ള സാധ്യത ത്വരിതപ്പെടുത്തുന്നതായി കണ്ടു.

1. Nature, 29 June, 2006, p. 1039
2. New Scientist, 24 June, 2006, p.14
3. Physics World, June 2006, p. 4
4. The Week, 1 July 2006, p. 17

■ ഞാൻ 1994 ൽ സർവീസിൽ പ്രവേശിച്ച അധ്യാപികയാണ്. 2000ത്തിൽ എനിക്ക് സീനിയർ സ്കെയിൽ ലഭിച്ചു. 2005 ൽ 11 വർഷത്തെ സർവീസ് പൂർത്തിയാക്കിയെങ്കിലും നിശ്ചിതയെണ്ണം ഓറിയന്റേഷൻ/റിഫ്രഷർ കോഴ്സുകൾ പൂർത്തിയാക്കിയത് 2006 മാർച്ചിലാണ്. 11 വർഷം സർവീസ് പൂർത്തിയാക്കിയ തിയതിക്ക് മാനേജർ സെലക്ഷൻ ഗ്രേഡ് പ്ലെയിസ്മെന്റ് തരുകയും അതിനുള്ള അംഗീകാരത്തിന് യൂണിവേഴ്സിറ്റിയെ സമീപിക്കുകയും ചെയ്തു. എന്നാൽ, നിശ്ചിത എണ്ണം റിഫ്രഷർ കോഴ്സുകൾ പൂർത്തിയാക്കിയ 2006 മാർച്ച് മാസം മുതൽക്കെ സെലക്ഷൻ ഗ്രേഡ് പ്ലെയിസ്മെന്റിനുള്ള അംഗീകാരം തരാൻ സാധിക്കുകയുള്ളു എന്നാണ് യൂണിവേഴ്സിറ്റി ഇപ്പോൾ അറിയിച്ചിട്ടുള്ളത്. എനിക്ക് 11 വർഷം പൂർത്തിയായ തിയതിക്ക് സെലക്ഷൻ ഗ്രേഡ് ലഭിക്കുകയില്ലേ? അതോ യൂണിവേഴ്സിറ്റി അറിയിച്ചതുപോലെ റിഫ്രഷർ കോഴ്സുകൾ പൂർത്തിയാക്കിയ തീയതിയിലേക്ക് പ്ലെയിസ്മെന്റ് നീണ്ടുപോകുമോ?

□ സീനിയർ സ്കെയിൽ/സെലക്ഷൻ ഗ്രേഡ് പ്ലെയിസ്മെന്റിന് യോഗ്യരായ അധ്യാപകർക്ക് സമയപരിധി 31.12.2005 ന് അവസാനിച്ചിരുന്നു. അതുകൊണ്ടാണ് ഓറിയന്റേഷൻ/റിഫ്രഷർ കോഴ്സുകൾ പൂർത്തിയാക്കിയ തിയതിയിൽ മാത്രമേ സെലക്ഷൻ ഗ്രേഡ് പ്ലെയിസ്മെന്റ് തരാൻ സാധിക്കുകയുള്ളു എന്ന് യൂണിവേഴ്സിറ്റി അറിയിച്ചത്. 31.12.2005 എന്ന സമയപരിധി ഒരു വർഷത്തേക്ക് കൂടി നീട്ടിത്തരണമെന്ന് നമ്മൾ യു. ജി. സി. യോട് ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം യു. ജി. സി. യുടെ 21.6.2004 ലെ F.2 - 16/2002 (PS) നമ്പർ കത്ത് മുഖേന, യോഗ്യരായ അധ്യാപകർക്ക് സീനിയർ സ്കെയിൽ/സെലക്ഷൻ ഗ്രേഡ് പ്ലെയിസ്മെന്റിന് നിശ്ചിത എണ്ണം റിഫ്രഷർ/ ഓറിയന്റേഷൻ കോഴ്സുകളിൽ പങ്കെടുക്കുന്നതിനുള്ള സമയപരിധി 31.12.2006 വരെ ദീർഘിപ്പിച്ചതായി യു. ജി. സി. യൂണിവേഴ്സിറ്റികളെ അറിയിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 11 വർഷം പൂർത്തിയായ തീയതിക്ക് തന്നെ ടീച്ചർക്ക് സെലക്ഷൻ ഗ്രേഡ് പ്ലെയിസ്മെന്റിന്റെ അംഗീകാരം ലഭിക്കും.

■ പി. എച്ച്. ഡി. ബിരുദമുള്ളവർക്ക് കരിയർ അഡ്വാൻസ്മെന്റിന്റെ ഭാഗമായുള്ള പ്ലെയിസ്മെന്റ് സമയത്ത് നിശ്ചിത എണ്ണം റിഫ്രഷർ കോഴ്സുകളിൽ പങ്കെടുക്കുന്നതിനുള്ള നിബന്ധനയിൽ ഇളവ് ലഭിക്കും എന്നറിയുന്നു. സീനിയർ സ്കെയിലിൽ നില്ക്കുന്ന സമയത്താണ് എനിക്ക് പി. എച്ച്. ഡി. ബിരുദം ലഭിച്ചത്. സീനിയർ സ്കെയിലിൽ വന്നതിന് ശേഷം ഞാൻ ഒരു റിഫ്രഷർ കോഴ്സിലും പങ്കെടുത്തിട്ടുണ്ട്. എന്റെ പി. എച്ച്. ഡി. ബിരുദത്തിന്റെ പിൻബലത്തിൽ ഇനി ഒരു റിഫ്രഷർ കോഴ്സിൽകൂടി പങ്കെടുക്കാതെ തന്നെ നിശ്ചിത സർവീസ് പൂർത്തിയാക്കുന്ന മുറയ്ക്ക് സെലക്ഷൻ ഗ്രേഡ് ലഭിക്കുമോ?

□ യു. ജി. സി. യുടെ 17.5.2001 ലെ എ. 29/97 (PS) എന്ന നമ്പർ ഉത്തരവ് അനുസരിച്ച് പി. എച്ച്. ഡി. ബിരുദം ഉള്ള അധ്യാപകർക്ക് സീനിയർ സ്കെയിൽ പ്ലെയിസ്മെന്റ് ലഭിക്കുന്നതിന് ഒരു ഓറിയന്റേഷൻ അല്ലെങ്കിൽ റിഫ്രഷർ കോഴ്സിന്റെ ഇളവ് അനുവദിക്കും. സെലക്ഷൻ ഗ്രേഡ് പ്ലെയിസ്മെന്റിന് പി. എച്ച്. ഡി. ക്കാർക്ക് ഇത്തരത്തിലുള്ള ഇളവ് അനുവദിച്ചിട്ടില്ല. എം. ഫിൽ ബിരുദം മാത്രമുള്ളവർക്കും മുകളിൽ പറഞ്ഞ ആനുകൂല്യം ലഭിക്കുകയില്ല.

വായനക്കാരുടെ സർവ്വീസ് സംബന്ധമായ സംശയങ്ങൾക്ക് എഴുതുക.

**പ്രൊഫ. കെ. എസ്. ജയചന്ദ്രൻ**
മേഘം, മണ്ണുത്തി പി. ഒ., തൃശ്ശൂർ- 680 651
ഫോൺ: 0487-2371971

**The Muvattupuzha Urban Co -operative Bank Ltd. No. 556**

H.O. Kacherithazham, Muvattupuzha- 686 661
Branch : Kavumkara, Muvattupuzha - 686 673 K.S.R.T.C Jn. Muvattupuzha - 686 661

**SPECIAL GRADE URBAN BANK**

| | | |
|---|---|---|
| No. of Members | - | 12000 |
| Paid up Capital | - | 82 lakhs |
| Deposits | - | 3325 lakhs |
| Loan outstanding | - | 1946 lakhs |
| Working Capital | - | 3400 lakhs |

| | |
|---|---|
| Phone | : 2833515 |
| Head Office | : 2832515 |
| Kavumkara Branch | : 2831272 |
| K.S.R.T.C Jn. Branch | : 2831815 |
| Chairman (Res.) | : 0484-2654866 |
| General Manager (Res.) | : 2833372 |

Board of Directors
Sri. O. S. Binu, Adv. Goerge K. Kuruvila, Sri. V. J. Hubert
Sri. K. E. Jaleel, Sri. M. A. Saheer, Sri. S. Vijayachandran Nair
Sri. V. M. Yousuf, Sri. V. K. Neelakanton, Smt. Shakkeela Subair

Sri. P. R. Muraleedharan (Chairman)
Sri. P. P. Musthafa Pilla (Vice Chairman)
Sri. V. A. Kunjumohideen (General Manager)

ഡോ. സി. ആർ. പ്രസാദ്
*എം.ജി. കോളജ്, തിരുവനന്തപുരം*

# പുതിയ ഭാവുകത്വം അടയാളപ്പെടുന്നത്...

ഭാവുകത്വം മാറുന്നത് നൂററാണ്ടിന്റെ മാററത്തോടെയാണോ? അതോ ഒരു നൂററാണ്ടിൽത്തന്നെ അത്തരം മാററങ്ങൾ ഉണ്ടാകാറില്ലേ? ചരിത്രം കൃത്യമായ ഉത്തരം ഇതിനു നൽകിയിട്ടുണ്ട്. ഒരു നൂററാണ്ടിൽ തന്നെ ഭാവുകത്വപരമായ അനവധി മാററങ്ങൾ സംഭവിക്കാം. ഇത്തരം മാററങ്ങൾക്ക് നൂററാണ്ടുകൾ തന്നെ വേണ്ടി വരുന്ന സാഹചര്യവും ഉണ്ടാകാം. ചുരുക്കത്തിൽ കാലമല്ല, ജീവിച്ചിരിക്കുന്നവരുടെ ചിന്താബലമാണ് ഭാവുകത്വമാററത്തിനുകാരണമെന്നു പറയാം. ഇരുപത്തിയൊന്നാം നൂററാണ്ടിലെ ആദ്യ ദശകത്തിന്റെ പകുതി കഴിഞ്ഞിരിക്കുന്ന ഈ ഘട്ടത്തിൽ പുതിയ ഭാവുകത്വത്തെക്കുറിച്ച് കാര്യമായി ചിന്തിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ നൂററാണ്ടിന്റെ ദർശനങ്ങളും അതിന്റെ തിരുത്തലുകളും കൂടി നല്കിയ അറിവിന്റെ തെളിച്ചം പുതിയ ചിന്തയ്ക്ക് വഴിമരുന്നിടാം. അതിനുള്ള ഒരു ശ്രമമാണ് ജി. മധുസൂദനൻ ഭാവുകത്വം ഇരുപത്തിയൊന്നാം 'നൂററാണ്ടിൽ' എന്ന പുസ്തകത്തിൽ നടത്തുന്നത്.



**ഭാവുകത്വം ഇരുപത്തിയൊന്നാം നൂററാണ്ടിൽ**
ജി. മധുസൂദനൻ
ഡി. സി. ബുക്സ്, കോട്ടയം
വില – 150 രൂപ.

അഞ്ചു ഭാഗങ്ങളിലായി 25 പ്രബന്ധങ്ങളാണ് ഈ പുസ്തകം ഉൾക്കൊള്ളുന്നത്. ആധുനികതയും ഉത്തരാധുനികതയും കുറെ പൊളിച്ചെഴുത്തുകൾ, നവദർശനങ്ങൾ ഉത്തരാധുനികതയ്ക്കു ശേഷം, പുതിയ കലയും സാഹിത്യവും, പാരിസ്ഥിതിക വിമർശനം, പാരിസ്ഥിതിക സൗന്ദര്യശാസ്ത്രം എന്നിവയാണ് അഞ്ചുഭാഗങ്ങൾ.

പുസ്തകത്തിന്റെ സ്വഭാവവും ലക്ഷ്യവും വ്യക്തമാക്കുന്നതാണ് ഒന്നാം ഭാഗത്തിലെ 'ജീവിതവും സാഹിത്യവും 21-ാം നൂററാണ്ടിൽ' എന്ന ആദ്യപ്രബന്ധം. കഴിഞ്ഞ നൂററാണ്ടിൽ മനുഷ്യദർശനത്തെയും ജീവിത രീതിയെയും മാററിമറിച്ച നിരീക്ഷണങ്ങളെയും കണ്ടുപിടിത്തങ്ങളെയും കുറിച്ചു സൂചിപ്പിക്കുകയും 21-ാം നൂററാണ്ടിനാവശ്യമായ ഒരു ഭാവുകത്വത്തെക്കുറിച്ചുള്ള സൂചന നല്കുകയും ചെയ്യുന്നുണ്ട് ഇത്. നീഷേ ഫ്രോയ്ഡ്, മാർക്സ് തുടങ്ങിയവരുടെ ദർശനങ്ങളുടെ സ്വാധീനവും ഗതാഗത വിപ്ളവവും (Transportation Revolution) പ്രേഷണ വിപ്ളവവും (Transmission Revolution) പറിച്ചുനടീൽ വിപ്ളവവും (Transplantation Revolution) കൂടി ജീവിതസാഹചര്യത്തിൽ വരുത്തിയ മാററവും പരിശോധിക്കുന്നുണ്ട്. ഇവയുടെ ഫലമായി ലോകഗതി തന്നെ മാറിമറിയുമ്പോൾ ആ ചലനങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞിരുന്നു മലയാളി സമൂഹം. അതോടൊപ്പം നൂററാണ്ടിന്റെ അവസാനമായപ്പോഴേക്കും പുതിയ നൂററാണ്ടിന്റെ ദർശനങ്ങളെക്കുറിച്ചുള്ള അന്വേഷണവും മലയാളി നടത്തുന്നുണ്ട്. ഈ വസ്തുതകൾ കൃത്യമായി പരിശോധിക്കുകയും അതിന്റെ അപകടങ്ങളും ന്യൂനതകളും എന്താണെന്നു കണ്ടെത്തുകയും ചെയ്യുന്നുണ്ട് മധുസൂദനൻ. അദ്ദേഹത്തിന്റെ നിരീക്ഷണത്തിലെ പ്രധാനകാര്യം ഇതാണ്.

" എന്നാൽ അടുത്ത രണ്ടു ദശകങ്ങൾ ഒരു പക്ഷേ, ആഗോളവത്കരണത്തിന്റെ വളർച്ചയുടെ കാലമായിരിക്കും. എതിർക്കുന്നവരെയൊക്കെ ഒതുക്കിക്കൊണ്ട്, ഒഴിവാക്കിക്കൊണ്ട് അത് മുന്നേറും. മുതൽ മുടക്കുന്നവന്റെ താത്പര്യം സംരക്ഷിക്കാൻ ഭരണകൂടം ശ്രദ്ധ ചെലുത്തും. എതിർക്കുന്നവരെ ജയിലുകളിൽ അടയ്ക്കുകയോ ജീവിതത്തിന്റെ പുറമ്പോക്കുകളിലേക്കു തള്ളി മാററുകയോ ചെയ്യും. അങ്ങനെ ആഗോളവല്ക്കരണവും പ്രാദേശീകരണവും ഒരേ പ്രക്രിയയുടെ രണ്ടു വശങ്ങളായി വളരും. ഈ പ്രക്രിയയുടെ ഗുണഭോക്താക്കൾ മുതൽമുടക്കുന്നവരും ഉന്നത സാങ്കേതിക വിദ്യാഭ്യാസം സിദ്ധിച്ചവരുമൊക്കെയായ ഒരു ന്യൂനപക്ഷമാണ്. ലോകത്തിലെ ഭൂരിപക്ഷം ജനങ്ങളെ സംബന്ധിച്ച് ആഗോളവല്കരണം അരക്ഷിതത്വത്തിന്റെയും ആകാംക്ഷയുടെയും കാലമാണ്."

നവദർശനങ്ങൾ ഉത്തരാധുനികതയ്ക്കു ശേഷം എന്ന രണ്ടാം ഭാഗത്ത് മനുഷ്യവ്യവഹാരത്തെ ആകമാനം ബാധിക്കുന്ന പ്രശ്നങ്ങളാണ് ചർച്ചയ്ക്കെടുക്കുന്നത്. ആഗോളവല്കരണവും വിവരസാങ്കേതികതയും കൂടി സൃഷ്ടിക്കുന്ന കപടസ്വത്വരൂപീകരണത്തെക്കുറിച്ച് ഈ ഭാഗത്ത് വിശദമാക്കുന്നുണ്ട്. ഇത്തരം മാററത്തെ കേരളീയ സമൂഹം എങ്ങനെ കാണുന്നുവെന്നും അതിന്റെ ചലനങ്ങൾ മലയാള സാഹിത്യത്തിൽ എങ്ങനെയുണ്ടാകുന്നുവെന്നും മധുസൂദനൻ കണ്ടെത്തുന്നുണ്ട്. പ്രതീതി യാഥാർത്ഥ്യത്തെക്കുറിച്ചു പറയുമ്പോൾ എഴുത്തുകാരൻ ചെന്നെത്തുന്നത് കേരളത്തിലെ ആൾ ദൈവത്തിലാണ്. 'സ്പർശനത്തിനു വേണ്ടി കേഴുന്ന ഉത്തരാധുനിക ഉടലുകളെ തൃപ്തിപ്പെടുത്തുന്ന ഒരു 'ഉത്തരാധുനിക അമ്മ' കേരളത്തിലവതരിച്ച് 'ഗ്ലോബൽ ഗുരു'വായി മാറുന്നത് അങ്ങനെയാണ്. ഏതാനും നിമിഷങ്ങൾ മാത്രം ദൈർഘ്യമുള്ള ആലിംഗനത്തിനും 'മകനേ' എന്നൊരു വിളിക്കും വേണ്ടി മണിക്കൂറുകൾ ക്യൂവിൽ കാത്തു നില്ക്കുന്ന

# TU Convention: AIFUCTO for Pay Review Committee

The Sponsoring Committee of Trade Unions hold a National Convention of Employees, Teachers and Workers in New Delhi on 25-26 July last. The working class leaders met in New Delhi 25-26 July 25. The Convention focused on future course of united struggle against the grievous impact of the retrograde economic policies of the Government; delay in the constitution of the 6th CPC and resolving the urgent demand of Rs 1000 as Interim Relief as per the already agreed upon formula; restoration of Right to strike; abolition of Pension Privatization Bill, Anti-Labour Laws and Anti-Employee Policies and the allied issues. AIFUCTO also focused on 6% GDP for Education, UGC Pay-Review Committee, Quality Education for all young people, end to privatization 8 commercialization & Elitism in Education, Strengthen Public-Funded Education System; introduce all social affirmative actions, stop the entry of foreign universities under GATS, WTO and the allied problems.

# AIFUCTO Resents Stagnation

IN a press-release AIFUCTO has regretted that hundreds of teachers working in universities and affiliated colleges have been stagnating as they have exhausted their pay-scale. The teachers have not been granted annual increment.

Welcoming the decision of Punjab Govt to grant *ex-gratia* increments on annual basis for the teaching staff and Principals of Engineering Colleges, Dr Tewari General Secretary AIFUCTO has demanded that the similar benefit should also be extended to the teaching staff of the universities and colleges.

AIFUCTO stressed uniformity of approach to end stagnation of the teaching staff and Principals working in the universities and affiliated colleges.

# MG UNIVERSITY SYLLABUS ANOMOLIES: AKPCTA FORMS 'SHADOW' BOARD OF STUDIES

The Academic Committee of AKPCTA has formed ' shadow' board of studies to evaluate the revised UG syllabus of various subjects of M G University at a meeting held on Aug 12,2006 at C M S College Kottayam. This is in the context of serious anomalies in the syllabus reported from the teachers and students of affiliated colleges in the university area The subject committees formed include experts of different specializations from the university and the college level. The revised syllabus of (B Sc ) Chemistry, Physics , Botany , Zoology ,Statistics ,( B A )English Part 1 & II , Malayalam ,and Hindi will be critically examined by these committees. The report of the various committees will be presented in an academic seminar scheduled on Aug 24, 2006 at C M S College Kottayam. The report so finalized will be presented to the M G University authorities for initiating corrective measures

# AIFUCTO Demands Action in Principal's Murder

IN a press-release dated 21 July, the AIFUCTO has strongly condemned the brutal murder of Principal, Chandershekhar Janta College, Gaya, Bihar by the suspected land mafia on 15 July last. The killers struck the eminent teacher and administrator in broad daylight and shot him dead. It was targeted to terrorize teachers and students.Dr V K Tewari, General Secretary, AIFUCTO demanded immediate arrest of the culprits and exemplary punishment to restore the confidence of teachers & students in the law & order machinery in Bihar. The AIFUCTO urged the Nitish Kumar Government to take stern steps to arrest the culprits as the teaching community & students felt frustrated and insecure.

മലയാളിയുടെ കഥ ദയനീയമാണ്." മാനസികമായി മലയാളി ചെന്നെത്തുന്ന അപകടസ്ഥാനങ്ങൾ രേഖപ്പെടുത്താൻ ശ്രമിക്കുന്നതിനിടയിലാണ് മധുസൂദനൻ ഈ പരാമർശം നടത്തുന്നത്. പാരിസ്ഥിതിക അവബോധത്തിൽ ഊന്നി നിന്നുള്ള ഒരു സ്വത്വരൂപീകരണത്തിന്റെ ആവശ്യകതയെക്കുറിച്ച് ഓർമ്മപ്പെടുത്താൻ പുസ്തകത്തിന്റെ ഈ ഭാഗത്ത് മധുസൂദനൻ ശ്രമിക്കുന്നുണ്ട്. പാരിസ്ഥിതിക സോഷ്യലിസത്തെക്കുറിച്ചും പാരിസ്ഥിതിക സ്ത്രീ വാദത്തെക്കുറിച്ചും പറയുന്ന ഭാഗങ്ങൾ അതാണ് വ്യക്തമാക്കുന്നത്.

പുതിയ ലോകക്രമം സാഹിത്യത്തിലും സാഹിത്യസമീപനങ്ങളിലും സൃഷ്ടിക്കുന്ന മാററങ്ങളാണ് മൂന്നുമുതൽ അഞ്ചുവരെയുള്ള ഭാഗങ്ങൾ ചർച്ച ചെയ്യുന്നത്. ഏററവും പുതിയ എഴുത്തുകാരെയും സാഹിത്യപഠനങ്ങളെയും മുൻ നിർത്തിയുള്ള ഈ അന്വേഷണം. വർത്തമാനകാലത്തിൽ ജീവിക്കുന്ന ഒരു ഗവേഷകനെ വെളിപ്പെടുത്തുന്നുണ്ട്. പുതിയതലമുറയുടെ എഴുത്തിനോട് സംവദിക്കാനുള്ള സൗമനസ്യം കാണിക്കുകയും അവരുടെ രചനകളുടെ ഗുണം തിരിച്ചറിയാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട് ഇവിടെ. പാരിസ്ഥിതിക സമീപനത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടുള്ള വീക്ഷണമാണ് ഈ പുസ്തകത്തിൽ ആകമാനമുള്ളത്. ഭൂമിയിൽ ചവിട്ടി നില്ക്കുന്ന ഒരാൾക്കല്ലേ വർത്തമാനകാലത്തെ തിരിച്ചറിയാൻ പററൂ.

കാലത്തോട് നീതി ചെയ്യുന്ന ഒരു പുസ്തകമാണ് 'ഭാവുകത്വം ഇരുപത്തിയൊന്നാം നൂററാണ്ടിൽ' മധുസൂദനൻ അവതരിപ്പിക്കുന്ന വീക്ഷണങ്ങളോട് ചിലപ്പോൾ വിയോജിപ്പുകൾ ഉണ്ടാകാം. എതിർപ്പുകൾ പുതിയകാലത്തിന്റെ സൗന്ദര്യവീക്ഷണത്തെയും ജീവിതദർശനത്തെയും കണ്ടെത്താൻ പര്യാപ്തമായ അന്വേഷണത്തിലേക്ക് ചെന്നെത്തേണ്ടിയിരിക്കുന്നു. അതിനുള്ള നിരീക്ഷണങ്ങൾ ഈ പുസ്തകത്തിലുണ്ട്. പുതിയ ഭാവുകത്വത്തെക്കുറിച്ച് ഗൗരവകരമായി അന്വേഷിക്കുന്ന പുസ്തകമെന്ന നിലയിൽ ഇത് ശ്രദ്ധിക്കപ്പെടും.

## സെമിനാർ

പയ്യന്നൂർ കോളജ്, പയ്യന്നൂർ

# സ്വാശ്രയനിയമവും സാമൂഹ്യനീതിയും






ഇന്നലെകളിൽ വരേണ്യവർഗത്തിന്റെ കുത്തകയായി മാറിയ ഉന്നതവിദ്യാഭ്യാസവും, അതിന്റെ മൂല്യവും തിരിച്ചുപിടിക്കുവാൻ ഉതകുന്ന സ്വശ്രയവിദ്യാഭ്യാസ നിയമത്തെ സ്വന്തം ജീവൻ പോലെ കാത്തുസൂക്ഷിക്കണമെന്ന് എ. കെ. പി. സി. ടി. എ. സംസ്ഥാന പ്രസിഡൻറ് എ. പി. കുട്ടികൃഷ്ണൻ അഭിപ്രായപ്പെട്ടു. എ. കെ. പി. സി. ടി. എ. പയ്യന്നൂർ കോളജ് അക്കാദമിക് കമ്മിററി സംഘടിപ്പിച്ച 'സ്വാശ്രയനിയമവും സാമൂഹ്യനീതിയും' എന്ന വിഷയത്തിലുള്ള സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യു. ഡി. എഫ്. സർക്കാർ പിന്തുടർന്ന വികലമായ രാഷ്ട്രീയ - വിദ്യാഭ്യാസ നയങ്ങൾ പണക്കാരനെ കൂടുതൽ പണക്കാരനാക്കിയപ്പോൾ, പാവപ്പെട്ടവന്റെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം ഒരു സ്വപ്നം മാത്രമായി മാറി. പാവപ്പെട്ടവനു കൂടി പുതിയ പ്രതീക്ഷകൾ നൽകിക്കൊണ്ട് സമഗ്രമായ ഒരു വിദ്യാഭ്യാസ നിയമം രൂപപ്പെടുത്തുകയും, കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. എന്നാൽ, പിന്നീട് കേരളം ഇന്നേവരെ നടത്തിയ ഏററവും വലിയ ചർച്ചയായി ഈ ബിൽ മാറി. ഈ ബിൽ സ്വാശ്രയവിദ്യാഭ്യാസ രംഗത്ത് പുതിയ പ്രതീക്ഷകൾ നൽകുകയാണ്. സാമ്പത്തികമായും, സാമൂഹികമായും പിന്നിലുള്ളവർക്ക് ഈ നിയമം ശുഭപ്രതീക്ഷ നൽകുന്നു. സാമൂഹ്യനീതിയും, ഗുണമേന്മയും ഉറപ്പുവരുത്താൻ കേരളസർക്കാർ നടത്തുന്ന നീതിപൂർവ്വമായ പോരാട്ടത്തിന് എല്ലാ പിന്തുണയും എ. കെ. പി. സി. ടി. എ. നൽകുമെന്നും എ. പി. കുട്ടികൃഷ്ണൻ കൂട്ടിച്ചേർത്തു.

ബ്രാഞ്ച് പ്രസിഡന്റ് കെ. ടി. വി. ദിവാകരൻ അധ്യക്ഷത വഹിച്ചു. കണ്ണൂർ - കാസർഗോഡ് ജില്ലാ പ്രസിഡന്റ് പി. വി. രവീന്ദ്രൻ വിഷയം അവതരിപ്പിച്ച് സംസാരിച്ചു. മോഹ്നി ജെയിൻ കേസിൽ തുടങ്ങി ഇനാംദാർ കേസ് വരെയുള്ള കോടതിവിധികൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കിയ ചലനങ്ങൾ അദ്ദേഹം വിശദീകരിച്ചു. കേരളീയ ജീവിതത്തിന്റെ വിദ്യാഭ്യാസപരവും, സാമൂഹ്യരാഷ്ട്രീയപരവുമായ കാഴ്ചപ്പാടുകൾക്കനുസരിച്ച് തയ്യാറാക്കിയ ഈ ബിൽ സമഗ്രവും, സുതാര്യവുമാണ്. ഇത് വിഭാവനം ചെയ്യുന്ന സാമൂഹ്യനീതിയും, ഗുണമേന്മയും മെച്ചപ്പെട്ട വിദ്യാഭ്യാസ സംസ്ക്കാരമുണ്ടാക്കുമെന്ന് പി. വി. രവീന്ദ്രൻ അഭിപ്രായപ്പെട്ടു.

പിന്നീട് നടന്ന പൊതുചർച്ചയിൽ എം. ഷാജർ, (എസ്. എഫ്. ഐ.), ഡോ. ടി. പവിത്രൻ, കെ. ജനാർദ്ദനൻ എന്നിവർ സംസാരിച്ചു.

48-ാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി നടന്ന സാഹിത്യരചനാമത്സരങ്ങളിൽ വിജയികളായ ഉണ്ണികൃഷ്ണൻ. എം., രഞ്ജു എം. വി., നവ്യ. വി. കെ., സജീഷ് എം. പി. എന്നിവരെ യോഗം അനുമോദിച്ചു. സംസ്ഥാന പ്രസിഡണ്ട് എ. പി. കുട്ടിക്കൃഷ്ണൻ സമ്മാനദാനവും, പ്രിൻസിപ്പൽ കെ. നാരായണൻ അനുമോദന പ്രസംഗവും നടത്തി.

ബ്രാഞ്ച് സെക്രട്ടറി നിശാന്ത്. എ. സ്വാഗതവും അക്കാദമിക് കൺവീനർ ശ്രീനിവാസ് പി. സി. നന്ദിയും പറഞ്ഞു.

## സെമിനാർ

### എസ്.എൻ കോളജ്, കണ്ണൂർ

# സ്വാശ്രയകോളജുകളും കോഴ്സുകളും ഉയർത്തുന്ന വർത്തമാനകാല വെല്ലുവിളികൾ




കേന്ദ്ര സംസ്ഥാന സർക്കാറുകൾ വിദ്യാഭ്യാസത്തിന് നീക്കിവച്ച തുക 90കൾക്ക് ശേഷം കുറച്ചുകൊണ്ടുവരികയാണ്. 80കളിൽ വാങ്ങിയ വിദേശകടങ്ങൾ സൃഷ്ടിച്ച പ്രതിസന്ധിയും കൂടിയായപ്പോൾ പൊതുവിദ്യാഭ്യാസവും പൗരന്റെ അന്തസ്സോടെ ജീവിക്കാനുള്ള അവകാശവും തകർക്കപ്പെടുന്ന സ്ഥിതി വിശേഷമുണ്ടായി എന്ന് കണ്ണൂർ എസ്. എൻ കോളജിൽ നടന്ന ഏകദിന സെമിനാർ ഉദ്ഘാടനംചെയ്തുകൊണ്ട് സി. പി. എം. ജില്ലാ സെക്രട്ടറിയേററംഗം സഖാവ്. ജെയിംസ് മാത്യു പറഞ്ഞു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകനിയമനം വിദ്യാർത്ഥി പ്രവേശം തുടങ്ങിയ വിഷയങ്ങളിൽ ഫലപ്രദമായി ഇടപെടാനുള്ള സർക്കാരിന്റെ നീക്കങ്ങൾക്ക് പ്രതികൂലമായ വിധത്തിലുള്ള ചില കോടതിവിധികളും ഉണ്ടായി. 93-ാം ഭരണഘടന ഭേദഗതിയോടെ വിദ്യാഭ്യാസ നയങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയ്ക്ക് നിരവധി ആശയക്കുഴപ്പങ്ങൾ ഉടലെടുത്തു. കേരള സർക്കാരിന്റെ പുതിയ വിദ്യാഭ്യാസ ബില്ലിന്റെ പ്രസക്തിയും പ്രാധാന്യവും ഇതുമായി ബന്ധപ്പെട്ടുകൊണ്ടാണ് വിലയിരുത്തപ്പെടേണ്ടതെന്ന് അദ്ദേഹം പറഞ്ഞു.

ഇന്നത്തെ കാലഘട്ടത്തിൽ സ്വാശ്രയ കോളജുകൾ ഉയർത്തുന്ന വെല്ലുവിളികൾ നിരവധിയാണ്. തികഞ്ഞ അരാഷ്ട്രീയവത്കരണം 'സാമ്പത്തിക ശക്തിയുള്ളവർക്ക് മാത്രം പ്രാപ്യമാകുന്ന വിദ്യാഭ്യാസം', 'വിദ്യാഭ്യാസ രംഗത്തെ മൂല്യശോഷണങ്ങൾ' എന്നിവ പ്രധാന പ്രശ്നങ്ങളാണ്. കോടതി വിധികളിലൂടെയുണ്ടായ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ജനശ്രദ്ധയിലേക്ക് കൊണ്ടുവരേണ്ടതാണെന്ന് എ.കെ.പി.സി.ടി. എ കണ്ണൂർ മേഖലാ സെക്രട്ടറി ശ്രീ. പത്മനാഭൻ പറഞ്ഞു.

പണമുള്ളവർ മാത്രം പഠിച്ചാൽ മാത്രം മതിയെന്ന വർത്തമാനകാല ധാരണ പൊളിച്ചെഴുതാൻ എ. കെ. പി. സി. ടി. എ. പോലുള്ള സംഘടനകൾക്ക് നിർണായകമായ പങ്കുവഹിക്കാനുണ്ട്. പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ലിലെ ജനാധിപത്യരീതി തകർക്കാനായി വന്ന വിമോചനസമരവും അതിൽ സാമ്രാജ്യശക്തികൾക്കുള്ള അപകടകരമായ പങ്കാളിത്തവും നാം മറന്നുപോകരുത്. മൂല്യം കുറഞ്ഞ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിൽ വലതുപക്ഷ സർക്കാറുകൾ മത്സരബുദ്ധിയോടെ പ്രവർത്തിച്ചിട്ടുണ്ട്. കോടതിവിധികൾ ഉണ്ടാക്കിത്തീർത്ത ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്ന വിഷമതകൾ ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ എ. കെ. പി. സി. ടി. എ. പോലുള്ള സംഘടനകൾക്ക് ബാധ്യത ഉണ്ടെന്ന് കണ്ണൂർ സർവ്വകലാശാല എംപ്ലോയീസ് യൂണിയൻ സെക്രട്ടറി സഖാവ്.കെ.പി. സുധീർചന്ദ്രൻ പറഞ്ഞു.

സ്വാശ്രയകോളജുകൾക്ക് എതിരെ കരുതി ഇരിക്കാനും അവ സൃഷ്ടിക്കുന്ന അനാരോഗ്യകരമായ പ്രവണതകൾ കണ്ടറിയാനും നാം ശ്രദ്ധിക്കേണ്ടതാണെന്ന് ഡോ. ടി. പവിത്രൻ (പയ്യന്നൂർ കോളജ്) പറഞ്ഞു. ബ്രാഞ്ച് പ്രസിഡന്റ് പി.കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സെമിനാർ സെക്രട്ടറി എൻ. സാജൻ സ്വാഗതം പറഞ്ഞു.

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818

പാലക്കാട് ജില്ല

# ഷൊർണൂർ എസ്.എൻ. സ്വാശ്രയ കോഴ്സ്

കേരളത്തിൽ പുതുതായി ചുമതലയേററ ഇടതുപക്ഷ സർക്കാരിന്റെ വിദ്യാഭ്യാസ നയങ്ങൾക്കും, യൂണിവേഴ്സിററി നിയമങ്ങൾക്കും വിരുദ്ധമായി ഷൊർണൂർ എസ്. എൻ. കോളജിൽ എം. എ. ഇംഗ്ലീഷ്, എം.എസ്.സി. ഫിസിക്സ് തുടങ്ങിയ സ്വാശ്രയ കോഴ്സുകൾ തുടങ്ങാൻ അണിയറ ശ്രമങ്ങൾ നടക്കുന്നു. രണ്ടു വർഷം മുൻപ് അനുവദിച്ച ഈ കോഴ്സ്, ഈ വർഷം സിന്റിക്കേററിന്റെ പരിശോധനയുടെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ മാത്രമേ തുടങ്ങാൻ പാടുള്ളൂ.

നിലവിൽ ഈ കോളജിൽ ഇത്തരം കോഴ്സുകൾ തുടങ്ങാൻ വേണ്ട യാതൊരു ഭൗതിക സാഹചര്യവും നിലവിലില്ല. ഫിസിക്സ് വിഭാഗത്തിൽ ഡിഗ്രി തലത്തിൽ ഒരു അദ്ധ്യാപിക മാത്രമേയുള്ളൂ. ലാബും, ലൈബ്രറിയും തുടങ്ങാൻ വേണ്ട സൗകര്യം ലഭ്യമല്ല. അത്തരം സാഹചര്യത്തിൽ ഈ കോഴ്സ് തുടങ്ങാൻ മാനേജ്മെന്റും പ്രിൻസിപ്പാളും നടത്തുന്ന ശ്രമം ലാഭേച്ഛയും, NAAC ലഭിച്ചതിന്റെ പേരിൽ കോഴയും തട്ടാനുള്ള ഗൂഢശ്രമമാണ്. ഈ ഉദ്യമത്തിൽ നിന്നും എസ്. എൻ. ഷൊർണൂർ മാനേജ്മെന്റും, പ്രിൻസിപ്പാളും അടിയന്തിരമായി പിൻമാറണമെന്ന് എ. കെ. പി. സി. ടി. എ. പാലക്കാട് ജില്ലാ കമ്മിററി ആവശ്യപ്പെട്ടു.

അല്ലാത്തപക്ഷം പ്രത്യക്ഷ സമര പരിപാടികളുമായി മുന്നോട്ടുപോകാൻ ജില്ലാക്കമ്മിററി തീരുമാനിച്ചു

# കേരള സ്വാശ്രയനിയമം ഇന്ത്യക്ക് മാതൃക

കേരള സ്വാശ്രയ നിയമം ഇന്ത്യയിലെ മററു സംസ്ഥാനങ്ങൾക്കുകൂടി മാതൃകയാക്കാവുന്ന നിയമമാണെന്ന് സ: സുഭാഷിണി അലി അഭിപ്രായപ്പെട്ടു. കേരള വിദ്യാഭ്യാസ സമിതി പാലക്കാട് ജില്ലാക്കമ്മിററി സംഘടിപ്പിച്ച സെമിനാർ ഉൽഘാടനം ചെയ്തു സംസാരിക്കയായിരുന്നു അവർ. സാധാരണക്കാനും ദളിതനും മററു സംസ്ഥാനങ്ങളിൽ അപ്രാപ്യമായ വിദ്യാഭ്യാസം കേരളത്തിൽ സർവ്വജനവിഭാഗങ്ങൾക്കും ലഭ്യമാവുകയും മാതൃകയാവുകയും ചെയ്തതിന് മിഷനറിമാരുടെയും സാമൂഹ്യപരിഷ്ക്കർത്താക്കളുടെയും ഇടതുപക്ഷ സർക്കാരുകളുടെയും ഇടപെടൽ മൂലമാണെന്ന് അവർ അഭിപ്രായപ്പെട്ടു. ഇന്ന് ആരോഗ്യരംഗത്തും, വിദ്യാഭ്യാസ രംഗത്തും പുതിയ സാമ്പത്തിക ക്രമീകരണത്തിന്റെ ഭാഗമായി വലിയ ചൂഷണം നടക്കുകയാണ്. യോഗത്തിൽ പ്രൊഫ. കെ. വാസുദേവൻ പിള്ള അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. പി. കെ. രവീന്ദ്രൻ വിഷയം അവതരിപ്പിച്ചു. പ്രൊഫ. എം. സഫറുദ്ദീൻ (സെക്രട്ടറി എ. കെ. പി. സി. ടി. എ.) കെ. എൻ. സുകുമാരൻ (സെക്ര. കെ. എസ്. ടി. എ.) നിതിൻ കണിച്ചേരി (എസ്. എഫ്. ഐ) എന്നിവർ പ്രസംഗിച്ചു. പി. വേണുഗോപാൽ (ജില്ലാ. സെക്ര. കെ. എസ്. ടി. എ.) സ്വാഗതവും, പ്രൊഫ. സേതുമാധവൻ (എ. കെ. പി. സി. ടി. എ.) നന്ദിയും രേഖപ്പെടുത്തി.

എറണാകുളം ജില്ല

# സെൻററ് ആൽബർട്സ് കോളജിലേക്ക് അനദ്ധ്യാപകർ മാർച്ച് നടത്തി

സെന്റ് ആൽബർട്സ് കോളജിലെ ലൈബ്രേറിയൻ എ്. വി. ജോസിനെ അന്യായമായി സർവ്വീസിൽ നിന്നും പിരിച്ചുവിട്ട കോളജ്മാനേജ്മെന്റിന്റെ നടപടിക്കെതിരെ കേരള നോൺ ടീച്ചിങ് എംപ്ളോയീസ് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ ജൂലൈ 29 ന് മാർച്ചും ധർണ്ണയും നടത്തി. എറണാകുളം ഹൈക്കോടതി ജങ്ഷനിൽ നിന്നും ആരംഭിച്ച മാർച്ച് കോളജ് പടിക്കൽ സമാപിച്ചു.

തുടർന്നു നടന്ന ധർണ്ണ എംപ്ളോയീസ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി. ജയരാജൻ എം. എൽ. എ. ഉദ്ഘാടനം ചെയ്തു. എൻ. ജി. ഒ. യൂണിയൻ ജില്ലാ സെക്രട്ടറി പി. ബി. ജഗദീഷ്, കൊച്ചിൻ യൂണിവേഴ്സിററി എംപ്ളോയീസ് അസോസിയേഷൻ സെക്രട്ടറി പി. ഹരിലാൽ, എ. കെ. പി. സി. ടി. എ. ജില്ലാ സെക്രട്ടറി ഡി. സലിം കുമാർ തുടങ്ങിയവർ സംസാരിച്ചു.

ഓഫ് ക്യാമ്പസ് വിദ്യാർത്ഥികൾക്ക് ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ നല്കാൻ പ്രിൻസിപ്പാളിന്റെ സമ്മതിപത്രം വേണമെന്ന് വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടതാണ് ജോസിനെ പുറത്താക്കാനിടയാക്കിയത്. സെന്റ് ആൽബർട്സ് കോളജിലെ ഓഫ് ക്യാമ്പസ് കോഴ്സുകൾക്ക് കോളജ് പ്രവർത്തനങ്ങളുമായി ബന്ധമില്ലാതിരിക്കെ ലൈബ്രറി സൗകര്യം ഉപയോഗപ്പെടുത്തുന്നതിനെ എതിർത്തതിനാണ് എം. വി. ജോസിനെ മാനേജ്മെന്റ് കഴിഞ്ഞ മെയ്മാസത്തിൽ പുറത്താക്കിയത്.

തിരുവനന്തപുരം ജില്ല

# എ.കെ.പി.സി.ടി.എയ്ക്ക് എതിരില്ല

വർക്കല ശിവഗിരി ശ്രീനാരായണ കോളജ് കൗൺസിലിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഡോ. എസ്. ജയരാജ്കുമാർ (കോമേഴ്സ്) ഡോ. കെ. സി. ബൈജു (ഇക്കണോമിക്സ്) എന്നിവരെ എതിരില്ലാതെ തെരഞ്ഞെടുത്തു.

ഡോക്ടറേറ്റ്

ചെമ്പഴന്തി ശ്രീനാരായണ കോളജിലെ ഹിസ്റ്ററി വിഭാഗം അദ്ധ്യാപിക **എസ്. സേതുലക്ഷ്മിക്ക്** "History of Trade Union Movement in Kerala with Special Reference to AITUC (1922-1947) എന്ന വിഷയത്തിൽ കേരള സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചു. ഡോ. ടി. ജമാൽ മുഹമ്മദിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കേരള സർവ്വകലാശാലയിൽ നിന്നും പൊളിറ്റിക്സിൽ ഡോക്ടറേറ്റ് നേടിയ ധനുവച്ചപുരം വി. ടി. എം. എൻ. എസ്. എസ്. കോളജ് അദ്ധ്യാപിക **എസ്. ശ്രീലത.** "Dynamics of Socio- Economic Justice in India-A Study of Judicial Interpretation of Constitution Provisions." എന്ന വിഷയത്തിൽ ഗാന്ധിഗ്രാം യൂണിവേഴ്സിറ്റിയിലെ ഡോ. ബി. മോഹന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കോന്നി സഹോദരൻ അയ്യപ്പൻ സ്മാരക എസ്. എൻ. ഡി. പി. യോഗം കോളജ് അദ്ധ്യാപകൻ **ബി. എസ്. കിഷോർ കുമാറിന്** കേരള സർവ്വകലാശാലയിൽ നിന്ന് ഫിസിക്കൽ എഡ്യൂക്കേഷനിൽ ഡോക്ടറേറ്റ് ലഭിച്ചു. കാരൈക്കുടി അളഗപ്പ യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. എ. എം. മൂർത്തിയുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം "A Critical Appraisal of Sports Management in the State of Kerala" എന്നതായിരുന്നു ഗവേഷണ വിഷയം.



കേരള സർവകലാശാലയിൽ നിന്നും കോമേഴ്സിൽ ഡോക്ടറേറ്റ് നേടിയ പാമ്പാടി കെ. ജി. കോളജ് അദ്ധ്യാപകൻ **പി. എൻ. ഹരികുമാർ.** A Study on the LIC's Schemes for the Weaker Sections of the Society with Special Reference to Social Security Schemes. എന്ന വിഷയത്തെ അധികരിച്ച് ഡോ. കെ. ശശികുമാറിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



വളാഞ്ചേരി എം. ഇ. എസ്. കോളേജ് കോമേഴ്സ് വിഭാഗം അദ്ധ്യാപകൻ **സി. എച്ച്. മൊയ്തീൻ കുട്ടിക്ക്** കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും പി. എച്ച്. ഡി. ലഭിച്ചു. "Marketing Problems of Coconut Industry in Kerala a Study with Focus on the Role of Coconut Development Board" എന്ന വിഷയത്തിലായിരുന്നു ഗവേഷണം



മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് നേടിയ മാന്നാനം കെ. ഇ. കോളജ് ഫിസിക്സദ്ധ്യാപകൻ **പി. എസ്. രഘുപതി.** "Studies on the Physical Properties of Indium Oxide, Tin Oxide and Indium Tinoxide Thin Films" എന്ന വിഷയത്തിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ ഡോ. സി. എസ്. മേനോന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.





കണ്ണൂർ എസ്. എൻ. കോളജിലെ സെലക്ഷൻ ഗ്രേഡ് ലക്ചറർ **കെ. സുരേന്ദ്രന്** കണ്ണൂർ സർവ്വകലാശാലയിൽ നിന്നും ഹിന്ദിയിൽ പി. എച്ച്. ഡി. ലഭിച്ചു. 'നരേശ് മേഹ്ത്തയുടെ കവിതകളിൽ ഉത്തരാധുനികത' എന്ന വിഷയത്തെ ആസ്പദമാക്കി പയ്യന്നൂർ കോളജിലെ റീഡർ ഡോ. സി.പി.വി.വിജയകുമാറിന്റെ മേൽനോട്ടത്തിൽ സമർപ്പിച്ച ഗവേഷണ പ്രബന്ധത്തിനാണ് ഡോക്ടറേറ്റ് ലഭിച്ചത്.

അഭിനന്ദനങ്ങൾ

# AKPCTA RESPONSE TO THE DRAFT AMENDEMENT TO M G UNIVERSITY STATUTES (1997) FOR AUTONOMOUS COLLEGES

To

The Registrar
M G University
Kottayam

July 31, 2006.

1.While appreciating the M G Universities initiative in publishing the preliminary draft proposals to amendment the statutes for autonomous colleges, we would like to make it clear that this exercise will be meaningful only if the University extend the discussion to the grass root level involving the teachers , students ,parents and the Government of Kerala.This is necessary not merely to assess the stake holders interest in the proposed innovation, but also to involve them in the process of formulating the reform policy itself which is one of the prerequisites of for the success of any reform in a democratically sensitive state like Kerala.

2. Any structural reform in higher education has to take into account the academic imperative of providing quality education for all , in tune with the UNESCO's Geneva Declaration (20040 which take into account the new role of human capital as the most crucial component of production in the emerging knowledge society. It is obvious that the attempt should be to improve both quality and access simultaneously, rather than providing quality education for a few and mediocre education for the rest .

3. One of the prerequisites for fulfilling the above policy is to ensure greater financial support by the state and central governments to enhance infrastructure in the existing institutions and to set up new world class institutions to enable higher education institution to withstand global challenges.

4. The attempts by a section of the educational agencies to transform aided colleges with good infrastructural facilities into self-financing autonomous colleges will not only lead to the privatization of huge public assets built up in such colleges over a long period of time, but would also defeat the very objective of providing quality education for all. Any statute amendment move to enforce autonomy on individual institutions according to the above formulation will be resisted.

5. Experience, well documented by studies conducted by UGC and NIEPA ,shows that both the affiliating and autonomous systems have their shortcomings. We have to redesign the existing system in such a way as to enable us to move towards the goal of making the country a knowledge superpower as outlined in the Planning Commission document 'Vision 2020' (2002).

6. There is no doubt that greater autonomy to higher education institutions and individuals is an imperative of any meaningful innovation in higher education.

The relevant issues are: autonomy to whom and to what extent? In fact, higher education institutions and individuals still have some autonomy, despite the efforts made by various agencies to undermine autonomy of universities, teachers and students. We have to ensure that the present proposals do not lead to further erosion of the autonomy of universities, teachers and students. Autonomy of higher education institutions should be conceived and implemented in such a way to ensure greater academic freedom coupled with institutional and social accountability on the part of all higher education institutions including universities and colleges, and individuals, especially teachers and students. This implies that autonomy has to be relative, incremental and participatory.

The supportive and regulatory roles of Government and Universities in financial and administrative spheres will have to be clearly defined to ensure that academic autonomy does not degenerate into administrative and financial autonomy.

7. At present, individual colleges in the state do not have adequate academic expertise and infrastructure to face global academic challenges and their managements have little social commitment to withstand global commercial temptations. If such colleges are given institutional autonomy, it is very likely that they will end up as copy cats conducting ready- to- serve courses promoted by multinational for-profit Universities. Instead of innovation, imitation will become the norm. Instead of equity, exploitation will thrive. In the present context it would be more meaningful to experiment with the concept of "Cluster of Colleges"; a proposal originally mooted by Kothari Commission and now being tried out in some states

with financial assistance from UGC. The advantage is that it could ensure optimum utilization of available expertise and infrastructure. Such clusters could have linkages with local establishments. The clusters could jointly start new courses in emerging areas with minimum additional investment by sharing expertise and infrastructure available in different colleges. It could also promote the concept of healthy academic co-operation as an antidote to global commercial academic collaboration.

8. Autonomy implies democratic decentralization of the power structure existing in higher education institutions in favour of teachers and students which would naturally call for greater institutional and social accountability on their part. Freedom without accountability or accountability with out freedom would be unsustainable and counterproductive in the long run. The university has to initiate a serious debate for evolving a proper mechanism for simultaneously promoting both freedom and accountability on the part of the academic community.

9. The University has to take the teachers into confidence by assuring in clear terms that it will not only protect their existing service conditions, but will, in fact strengthen them in accordance with the additional responsibilities teachers will be called upon to perform while implementing any innovative programme for the decentralization of the existing structure in higher education.

In the light of the above observations, it is evident that the statute amendment proposed in connection with the autonomous colleges by the university is insufficient and incomplete in several respects. It ignores larger public accountability of higher education institutions, which demands a remodeling of existing structures in such a way as to promote democratization of excellence in higher education. Greater privileges should be accompanied by greater accountability. The following general conditions should be insisted and incorporated in any statute for autonomous colleges

a) Granting and withdrawal of autonomy should be based on the consent of the academic community
b) Procedure for admission of students should be based on State and University norms.
c) Procedure for appointment of staff and principal should be based on norms as applicable to Govt. colleges
d) Constitution of the governing body, academic council, board of studies etc should be based on democratic norms instead of nominations.
e) Colleges conducting unaided, off- campus and courses of other universities in India and abroad. should not be classified as Aided affiliated college.
f) The NAAC and its grading should not be mentioned in a university statute and should not form as a precondition for the autonomous status.

**So the All Kerala Private College Teachers' Association ( AKPCTA) demands the withdrawal of the draft amendment on autonomous colleges in its present form . A comprehensive statute amendment should be introduced by involving all the stakeholders in higher education enshrining the principles of equity and excellence.**

Dr Rajan Varughese
AKPCTA State Secretary


## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത, തുടങ്ങിയ സാഹിത്യ സൃഷ്ടികൾ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, വിജ്ഞാനപ്രദമായ കുറിപ്പുകൾ, മററ് വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

**വാർഷിക വരിസംഖ്യ 75 രൂപ മാത്രം**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ മാനേജിംഗ് എഡിറററിൽ നിന്നോ ലഭിക്കുന്നതാണ്.



*ചീഫ് എഡിറററുടെ വിലാസം*
ഡോ. എസ്. ജയരാജ്കുമാർ
ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്,
കൊച്ചുള്ളൂർ, മെഡിക്കൽ കോളേജ് പി. ഒ
തിരുവനന്തപുരം- 695 011,
ഫോൺ: 0471-2440004

*മാനേജിംഗ് എഡിറററുടെ വിലാസം*
ഡോ. വി. ജയകുമാർ
ഐശ്വര്യ, ററി. സി. 55/494,
ശാരദാ ഗാർഡൻസ് ലെയ്ൻ, നീറമൺകര
പാപ്പനംകോട് പി. ഒ, തിരുവനന്തപുരം -695 018,
ഫോൺ: 0471 -2491432

ഓഫീസ്
എ.കെ. പി. സി. ടി. എ സംസ്ഥാന കമ്മിററി ഓഫീസ്,
മാതൃഭൂമി റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം- 695 035, ഫോൺ: 0471-2463494, ഫാക്സ്: 0471 - 2468984
E-mail:akpcta@sancharnet.in, www.akpcta.org

(1)

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര**
**(എ. ആർ. 13) വകുപ്പ്**

**സർക്കുലർ**

*നമ്പർ 3435/ എ. ആർ. 13 (2)/06/ ഉ. ഭ. പ. വ.* *തിരുവനന്തപുരം, 2006 മേയ് 10.*

വിഷയം: സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പററ് രസീത് നൽകുന്നത് - സംബന്ധിച്ച്

സൂചന:

1. 1.01.2005 ലെ 19754/ എ. ആർ. 13 (2)/04/ ഉ. ഭ. പ. വ. നമ്പർ സർക്കുലർ.
2. 28.02.2005 ലെ 1209/ എ. ആർ. 13 (2)/05/ ഉ. ഭ. പ. വ. നമ്പർ സർക്കുലർ.
3. 4.6.2005 ലെ 7068/ എ. ആർ. 13(2)/05/ ഉ. ഭ. പ. വ. നമ്പർ സർക്കുലർ.

പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ എന്നിവയ്ക്ക് ആയവ കിട്ടിയാലുടൻ കൈപ്പററ് രസീത് കൃത്യമായി നൽകണമെന്ന് കാലാകാലങ്ങളിൽ വിവിധ സർക്കുലറുകൾ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. കൂടാതെ പ്രസ്തുത ഉത്തരവിന്റെ ഉള്ളടക്കം ബന്ധപ്പെട്ട ഓഫീസുകളിലെ പൊതു കൗണ്ടറിന്റെ അടുത്ത് പ്രധാനപ്പെട്ട ഭാഗത്ത് മലയാളത്തിൽ എഴുതി പ്രദർശിപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. കൈപ്പററ് രസീതിന്റെയും ബോർഡിൽ എഴുതി പ്രദർശിപ്പിക്കേണ്ട നോട്ടീസിന്റെയും പൊതുമാതൃക നിശ്ചയിച്ച് സൂചന മൂന്നിലെ സർക്കുലർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ പല ഓഫീസുകളിലും ഇക്കാര്യങ്ങൾ ഇതുവരെയും കൃത്യമായി നടപ്പിലാക്കിയിട്ടില്ലെന്ന് മനസ്സിലാക്കുന്നു. അറിയാനുള്ള അവകാശ നിയമം നടപ്പിലാക്കിയ സാഹചര്യത്തിൽ കൃത്യമായി ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**എസ്. എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി (എ. ആർ.)

(2)

**GOVERNMENT OF KERALA**
**Abstract**

KERALA STATE INSURANCE DEPARTMENT—STATE LIFE INSURANCE SCHEME— REDUCTION OF INTEREST RATE—SANCTIONED—ORDERS ISSUED

FINANCE (ESTABLISHMENT-D) DEPARTMENT

**G. O. (P) No. 257/06/Fin.** **Dated, Thiruvananthapuram, 12th June, 2006.**

*Read:—* 1. G. O. (P) No. 1551/2000/Fin. dated 15-12-2000.
2. XVII Actuarial valuation report of Kerala State Life Insurance Fund for the period from 1-4-1996 to 31-3-2001.

**ORDER**

In the Government Order read above, the rate of interest of State Life Insurance Scheme was enhanced from 6% to 10% considering the higher rate of interest prevailed then for Provident Fund Deposits. The present rate of interest of GPF & GIS is 8% per annum.

Government after having reviewed the State Life Insurance Scheme in detail, have decided to reduce the rate of interest of the scheme from 10% to 8% per annum with effect from the financial year 2006-07.

By order of the Governor,
K. SREEDEVI AMMA,
*Additional Secretary (Finance).*

**University Grants Commission**
Bahadur Shah Zafar Marg
New Delhi 110002

Ph.: 23238872

No.F.2-16/2002(PS) Dated: 21st June, 2006

The Registrar
All Universities

The Education Secretaries

All state Governments & Union Territories

The Officer incharge
All Regional Offices of UGC

Sub.: Regarding the extension of the date upto 31-12-2006 for participation in Orientation/Refresher Courses in respect of eligible Teachers/Assistant Registrars for the purpose of promotion/placement under Career Advancement Scheme.

Sir/Madam,

I am directed to inform you that on receipt of various representation, the issue of extension of the date beyond 31-12-2005 for participation in orientation/refresher courses in respect of eligible Teachers/Assistant Registrars for the purpose of promotion/placement under Career Advancement Scheme was considered by the Commission at its meting held on 11-6-2006. The Commission resolved as under: -

"This was examined. The Commission decided that this exemption may be extended upto the period 31-12-2006 both for Teachers and Assistant Registrars."

This is for your information and necessary action.

The above decision may also be brought to the notice of Colleges affiliated to your University urgently.

Yours faithfully,

**KC Mathur**
Under Secretary


**Read and Subscribe**

KERALA PRIVATE
COLLEGE TEACHER
*a monthly journal of AKPCTA*

**Annual Subscribtion Rs. 75/-**

*for copies contact*

*Chief Editor*
**Dr. S. Jayaraj kumar**
Geethajali,
79 Ulloor Gardens,
Kochulloor, Medical College P.O.
Thiruvananthapuram-695011
Phone: 0471-2440004

*Managing Editor*
V. Jayakumar
Aiswarya, TC 55/494,
Sarada Gardens Lane,
Neeramankara, Pappanamcode P.O.
Thiru vananthapuram-695018
Phone: 0471-2491432

**AKPCTA State Committee Office,**
**Vanchiyoor, Thiruvananthapuram-35,**
**Phone: 0471- 2463494,**
**Fax: 0471-2468984, e-mail:akpcta@sancharnet.in,**
**www.akpcta.org,**

# എ.കെ.പി.സി.ടി.എ
# എം. ജി. സർവ്വകലാശാല
# സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ



**Dr. RAJAN VARUGHESE**
U.C. College, Aluva



**Dr. K. P. SUKUMARAN NAIR**
S.D. College, Kanjirappally



**K. RADHAKRISHNAN NAIR**
S.V.R. N.S.S College, Vazhoor



**M. GEORGE SEBASTIAN**
KE. College, Mannanam



**Dr. P.S. MOHANAKUMAR**
Sree Sankara College, Kalady



**A.S. VARGHESE**
CMS. College, Kottayam



**DANIELKUTTY K.**
St. Thomas College
Kozhencherry



**SEBASTIAN. K. ANTONY**
St. Albert's College
Ernakulam

R.No. 36025/81
No. 200

KERALA PRIVATE COLLEGE TEACHER

Registered No. KL/TV (N)35/2006-2008
Rs. 11/-
AUGUST 2006


# Our results speak for us...

## Four top ranks in three years with more than 90% pass in all courses

B.Com. I & CA 50th Rank 2005 — M.Com. - I RANK Jan 2006 — CA III RANK All India 2005



Anand — Suchitha — Soumya

C.A. PE-I results (First appearance)

**May 2006**



Vignesh, Mariam, Anitha, Jayakrishnan, Karthika, Jasvin, Sneha, Sachin, thu, Biby, Deepu, Eby Raju, Jossy, Rhea Anna, Lavina, Tintu, Ajay, Vipin

## COURSES OFFERED

- B.Com. ♦ M.Com. ♦ CA
- B.Com. + C.A.
- B.Com. + C.S.
- B.Com.+C.A. Entrance

## CA : ENTRANCE COACHING

SEPARATE BATCHES FOR

| | |
|---|---|
| Class XI (Com.) Other Graduates | Class XII (Com.) B.Com. |

**Acquire CA/CS along with B.Com.**

# CHAND ACADEMY

**For Commerce and Professional Courses in Commerce**

Chand House, Pattom, Trivandrum Ph: 0471-2534164, Mobile 9387805631

Director: **Dr. K.G.C.Nair** (Former H.O.D. of Commerce, Mar Ivanios College, TVM)


Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpcta@sancharnet.in, www.akpcta.org at Akshara Offset, Tvpm, Ph: 2471174 Typeset: Genial Printers, Tvpm-01, Ph: 3012141
Chief Editor: Dr. S. Jayaraj Kumar